സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്

(ഒരു കേരള സർക്കാർ സ്വയംഭരണ സ്ഥാപനം)

തൈക്കാട്, തിരുവനന്തപുരം – 695 014, കേരളം

CENTRE FOR MANAGEMENT DEVELOPMENT

(An autonomous institution under the Government of Kerala)

Certified to ISO 9001:2015 by TQ Cert


No.CMD/DS/SRL/42 /2026 16-02-2026

അപൂർവ്വ തൃപ്തി IAS
ഡയറക്ടർ (റൂറൽ)
തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്
കേരള സർക്കാർ

സർ/മാഡം,

**വിഷയം: തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കുന്നത് – സംബന്ധിച്ച്**

സൂചന :
1. സ.ഉ.(സാധാ) നം.2022/2025/തസ്വഭവ, തീയതി 14.08.2025
2. സി.എം.ഡി. ഡയറക്ടറുടെ 10.10.2025 തീയതിയിലെ CMD/DS/SRL/1344/2025 നമ്പർ കത്ത്
3. 5.11.2025 തീയതിയിലെ ഉത്തരവ് നമ്പർ LSGD/PD/3412/2023-DED3
4. 5.12.2025 തീയതിയിൽ സി.എം.ഡി.യിൽ നിന്നും dedpdlsgd@gmail.com, defpd2023@gmail.com എന്നീ മെയിൽ ഐഡികളിലേക്ക് അയച്ച ഇ-മെയിൽ
5. 23.01.2026 തീയതിയിലെ തസ്വഭവ-ഇആർഎ2/81/2025/തസ്വഭവ നമ്പർ കത്ത്
6. സി.എം.ഡി. ഡയറക്ടറുടെ 30.01.2026 തീയതിയിലെ CMD/DS/SRL/28/2026 നമ്പർ കത്ത്

മേൽ സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ കരട് വിശേഷാൽ ചട്ടങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

ഡോ. സാബു ആർ. എൽ.
ഡീൻ (അഡ്മിനിസ്ട്രേഷൻ)

**കേരള സർക്കാർ**
**തദ്ദേശ സ്വയം ഭരണ വകുപ്പ്**

# കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ കരട് വിശേഷാൽ ചട്ടങ്ങൾ

**ഫെബ്രുവരി 2026**


തയ്യാറാക്കിയത്

**സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ്**
തിരുവനന്തപുരം

## ഉള്ളടക്കം


| ക്രമനമ്പർ | സെക്ഷൻ | പേജ് നമ്പർ |
|---|---|---|
| | ആമുഖം | 1 |
| | രീതിശാസ്ത്രം (Methodology) | 1 |
| | സവിശേഷതകൾ | 2 |
| | തദ്ദേശ സ്വയംഭരണ വകുപ്പിലെ കണ്ടിജന്റ് ജീവനക്കാരുടെ സേവന വ്യവസ്ഥകൾ സംബന്ധമായ വിശേഷാൽ ചട്ടങ്ങൾ (കരട്) | 4 |
| | വിജ്ഞാപനം | 4 |
| | ചട്ടങ്ങൾ | 4 |
| 1 | ചട്ടങ്ങളുടെ വ്യാപ്തിയും ബാധക വ്യവസ്ഥകളും (Scope and Extent of Application) | 4 |
| 2 | നിർവചനങ്ങൾ (Definitions) | 4 |
| 3 | സംഘാടനം (Constitution) | 5 |
| 4 | നിയമനം (Appointment) | 6 |
| 5 | സമാശ്വാസതൊഴിൽദാനപദ്ധതി വഴിയുള്ള നിയമനം | 36 |
| 6 | നിയമനാധികാരി (Appointing Authority) | 36 |
| 7 | നിയമനങ്ങളിലെ സംവരണ വ്യവസ്ഥ (Reservation in Appointment) | 36 |
| 8 | വിദ്യാഭ്യാസ യോഗ്യതകൾ (Educational Qualifications) | 37 |
| 9 | പ്രായം സംബന്ധിച്ച യോഗ്യത (Age) | 37 |
| 10 | പ്രൊബേഷൻ (Probation) | 10 |
| 11 | പ്രൊബേഷൻ സസ്പെന്റുചെയ്യലോ, നിർത്തലാക്കുകയോ (Suspension or termination of probation) | 38 |
| 12 | ഫുൾ മെമ്പർഷിപ്പിനുള്ള പ്രൊബേഷണറുടെ അർഹതാ നിർണയം (Probationer's suitability for full membership) | 38 |

| | | |
|---|---|---|
| 13 | പിരിച്ചുവിടലും പുനർനിയമനവും (Discharge and Re employment) | 38 |
| 14 | സ്ഥിരലാവണക്കാരായുള്ള നിയമനം (Appointment of Full members) | 39 |
| 15 | സീനിയോറിറ്റി (Seniority) | 39 |
| 16 | സേവനാരംഭം (Commencement of Service) | 40 |
| 17 | നിയമനങ്ങളും സ്ഥലംമാറ്റങ്ങളും (Postings and Transfers) | 40 |
| 18 | ശമ്പളം, അലവൻസുകൾ, അവധിക്കാല വേതനം, മറ്റ്സേവന വ്യവസ്ഥകൾ (Pay, Allowances, Leave Salary and Other Conditions of Service) | 42 |
| 19 | യാത്രാ ബത്തയും പ്രവേശനകാലവും (Travelling Allowances and Joining Time) | 42 |
| 20 | സസ്പെൻഷനിലുള്ള മെമ്പർമാരുടെ ഉപജീവന ബത്ത (Subsistence Allowance to Members under Suspension) | 42 |
| 21 | അവധികൾ (Leaves) | 42 |
| 22 | ഉദ്യോഗം രാജിവയ്ക്കലും സ്വയം പിരിഞ്ഞു പോകലും (Resignation and Voluntary Retirement) | 44 |
| 23 | സൂപ്പറാന്വേഷൻ (Superanuation) | 44 |
| 24 | വ്യവസ്ഥകളുടെ സംരക്ഷണവും ബാധകമാക്കലും (Saving Clause and Application of Certain Clauses) | 45 |
| 25 | ചട്ടങ്ങളുടെ ഭേദഗതി (Amendment of Rules) | 45 |
| | അനുബന്ധം- 1 | 46 |
| | അനുബന്ധം- 2 | 66 |

# തദ്ദേശ സ്വയംഭരണ വകുപ്പ്

## കണ്ടിജന്റ് ജീവനക്കാരുടെ സേവന സംബന്ധമായ

## വിശേഷാൽ ചട്ടങ്ങളുടെ കരട് തയ്യാറാക്കുന്നതു സംബന്ധിച്ച റിപ്പോർട്ട്

**ആമുഖം**

തദ്ദേശ സ്വയംഭരണ വകുപ്പിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാർക്കായി വിശേഷാൽ ചട്ടങ്ങളുടെ കരട് തയ്യാറാക്കുന്നതിന് സി.എം.ഡി.-യെ ചുമതലപ്പെടുത്തിയിരുന്നു (14.08.2025 തീയതിയിലെ സ.ഉ. (സാധാ) നം.2022/2025/LSGD നമ്പർ കത്ത്.) അതനുസരിച്ച് തയ്യാറാക്കിയ വിശേഷാൽ ചട്ടങ്ങളുടെ കരട് രൂപം ഇതിനോടൊപ്പം സമർപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിലെ കണ്ടിജന്റ് ജീവനക്കാർക്കുവേണ്ടി വിശേഷാൽ ചട്ടങ്ങൾ നിലവിലുള്ളതായി കാണുന്നില്ല. ഇത് സംബന്ധമായ എക്സിക്യൂട്ടീവ് ഉത്തരവുകളും ലഭ്യമായിട്ടില്ല. ഓരോ തദ്ദേശ സ്ഥാപനങ്ങളിലെയും പരിതസ്ഥിതിക്കും ആവശ്യത്തിനും ഇണങ്ങുന്ന തസ്തികകൾ അനുവദിച്ച് അതാത് സ്ഥാപനങ്ങൾ നിയമനം നടത്തുന്ന രീതിയാണ് അവലംബിച്ചതായി കാണുന്നത്. സർക്കാർ ഉത്തരവ് (കൈ)നം.277/2022/LSGD തീയതി 22.12.2022 മുഖാന്തിരം വകുപ്പിലെ തസ്തികകളുടെ എണ്ണത്തിൽ കുറവു വരുത്തിയ കൂട്ടത്തിൽ, കണ്ടിജന്റ് തസ്തികകളും ഒഴിവാക്കുകയോ കുറവുവരുത്തുകയോ ഉണ്ടായിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച നിലവിലുള്ള തസ്തികകളുടെ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഈ വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.

**<u>രീതിശാസ്ത്രം (Methodology)</u>**

കരട് ചട്ടങ്ങൾ രൂപീകരിച്ചതിന് അവലംബിച്ച രീതിശാസ്ത്രം താഴെ പറയും പ്രകാരമാണ്:

വകുപ്പ് ലഭ്യമാക്കിയ ഡേറ്റ വിശകലനം ചെയ്യുകയും അതു സംബന്ധിച്ച കൂടുതൽ വ്യക്തത വരുത്തുന്നതിനായി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുമായി പഠനസംഘം ചർച്ചകൾ നടത്തുകയുമുണ്ടായി.

സംസ്ഥാനത്ത് നിലവിലുള്ള കണ്ടിജന്റ് സർവ്വീസുകളുടെ വിശേഷാൽ ചട്ടങ്ങൾ പരിശോധിക്കുകയും അവയിൽ അനുവർത്തിച്ചിരിക്കുന്ന മാതൃകയും, സ്വീകാര്യമായ വ്യവസ്ഥകളും ഇപ്പോൾ തയ്യാറാക്കിയ ചട്ടങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിലേക്കായി താഴെ പറയുന്ന ചട്ടങ്ങൾ റഫർ ചെയ്യുകയുണ്ടായി:

1. കേരള സർക്കാർ കേരള പാർട്ട്ടൈം കണ്ടിജന്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ 1975.
2. കേരള ലെജിസ്ലേറ്റീവ് സെക്രട്ടറിയറ്റ് പാർട്ട്ടൈം കണ്ടിജന്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ 1998.
3. കേരള ഹൈക്കോർട്ട് പാർട്ട്ടൈം കണ്ടിജന്റ് സർവ്വീസ് റൂൾസ് 2007.

ഇവ കൂടാതെ നിലവിലുള്ള ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള എക്സിക്യൂട്ടീവ് ഓർഡറുകളും കഴിയുന്നത്ര ശേഖരിച്ച് ആ വ്യവസ്ഥകൾ കരടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതു സംബന്ധമായ കോടതി വിധികളും പരിശോധിക്കുകയുണ്ടായി (ആശ്രയിച്ച ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.). ഇവ സംബന്ധമായി വിഷയം കൈകാര്യം ചെയ്യുന്ന സെക്രട്ടറിയറ്റിലെ ഉദ്യോഗസ്ഥരുമായും ചർച്ച ചെയ്യുകയും അവരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ് മുൻപ് തയ്യാറാക്കിയ കേരള തദ്ദേശ സ്വയംഭരണ വകുപ്പ് ഓക്സിലറി വാർഡൻ റൂൾസ് 2024 കരട് ചട്ടങ്ങളും പരിഗണിക്കുകയുണ്ടായി.

**സവിശേഷതകൾ**

ഇപ്രകാരത്തിൽ തയ്യാറാക്കിയ ചട്ടങ്ങളുടെ കരടിന്റെ സവിശേഷതകൾ ചുവടെ ചേർക്കുന്നു:

1. തദ്ദേശ സ്വയംഭരണ വകുപ്പിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാർക്കുവേണ്ടി ഏകീകൃത സേവന ചട്ടങ്ങൾ നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വയംഭരണ സംവിധാനം നിലനിർത്തുന്നതിന് പര്യാപ്തമായ വിധത്തിലാണ് വ്യവസ്ഥകൾക്കു രൂപം നൽകിയിരിക്കുന്നത്.

2. സർക്കാറിന്റെ അധീനതയിലുള്ള കണ്ടിജന്റ് ജീവനക്കാർക്ക് വിശേഷാൽ ചട്ടങ്ങൾ വഴിയും എക്സിക്യൂട്ടീവ് ഉത്തരവുകൾ വഴിയും ഇതിനകം അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ എല്ലാം പരമാവധി തദ്ദേശ സ്വയംഭരണ വകുപ്പ് കണ്ടിജന്റ് ജീവനക്കാർക്കും ലഭ്യമാക്കുന്ന വിധത്തിലുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിലെ ഈ രംഗത്തെ അംഗീകൃത സംഘടനകൾ ഉന്നയിച്ച ആവശ്യങ്ങൾ പരിഗണിക്കുകയും വിശേഷാൽ ചട്ടങ്ങളിൽ ഉൾപെടുത്താൻ കഴിയുന്ന എല്ലാ വ്യവസ്ഥകളും ഉൾപെടുത്താൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. അവയിലെ പല നിർദ്ദേശങ്ങളും നയപരമായി സർക്കാർ തീരുമാനം എടുക്കേണ്ടവയും, വകുപ്പിൽ നിലവിൽ വന്ന ഏകീകൃത സബോർഡിനേറ്റ് സർവീസ് റൂൾസിൽ ഉൾപെടുത്തേണ്ടവയും ആണ്. അതിനായി റൂൾസ് ഭേദഗതി വരുത്തുന്നതിന് ശ്രമിക്കേണ്ടതാണ്.

3. സെലക്ഷനുള്ള യോഗ്യതകളും നിയമനരീതിയും നിർദ്ദേശിക്കാത്ത തസ്തികകളിൽ അവ നിർദ്ദേശിച്ചുകൊണ്ട് വ്യവസ്ഥ ചെയ്തിരിക്കുന്നു.

4. ഏകീകൃത സർവ്വീസിന്റെ നിയമനാധികാരിയായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ അതിന്റെ പ്രായോഗിക നടത്തിപ്പിനായി അതാത് സ്ഥാപനങ്ങളിലെ ഉചിതനായ അധികാരിക്ക് നിയമനാധികാരം വിന്യസിച്ച് നൽകുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

5. ജീവനക്കാരുടെ ശമ്പളം, അവധികൾ (പുതുതായി നടപ്പിലാക്കിയവ ഉൾപ്പെടെ), മറ്റ് സേവന വ്യവസ്ഥകൾ, പ്രൊബേഷൻ, പ്രമോഷൻ, ഉദ്യോഗം രാജിവയ്ക്കലും സ്വയം പിരിഞ്ഞുപോകലും, സൂപ്പർ ആന്വേഷൻ, നിയമനവും സ്ഥലംമാറ്റവും, വ്യവസ്ഥകളുടെ സംരക്ഷണവും, ചില വ്യവസ്ഥകളുടെ ബാധകമാക്കലും, ചട്ടങ്ങളുടെ ഭേദഗതി തുടങ്ങി പരമാവധി വ്യവസ്ഥകൾ ഉൾപ്പെടുത്തി കൂടുതൽ സമഗ്രത വരുത്തുന്നതിന് ചട്ടങ്ങളുടെ കരട് തയ്യാറാക്കിയതിൽ ശ്രദ്ധിച്ചിട്ടുണ്ട്.

**വിശേഷാൽ ചട്ടങ്ങൾ**

തദ്ദേശ സ്വയംഭരണ വകുപ്പിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാർക്കായി വിശേഷാൽ ചട്ടങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

## തദ്ദേശ സ്വയംഭരണ വകുപ്പിലെ കണ്ടിജന്റ് ജീവനക്കാരുടെ സേവന വ്യവസ്ഥകൾ സംബന്ധമായ വിശേഷാൽ ചട്ടങ്ങൾ (കരട്)

## കേരള സർക്കാർ

## തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്

### വിജ്ഞാപനം

കേരള പബ്ലിക്ക് സർവ്വീസ് ആക്ട് 1968 (1968ലെ ആക്ട് 19) വകുപ്പ് 2, ഉപവകുപ്പ് 2 നൽകുന്ന അധികാരം വിനിയോഗിച്ച് കൊണ്ട് കേരള സർക്കാർ, തദ്ദേശ സ്വയം ഭരണവകുപ്പിൽ നിലവിലുള്ള കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ നിയമനവും ഉദ്യോഗക്കയറ്റവും സംബന്ധമായ എല്ലാവിധ ചട്ടങ്ങളും അവയിൽ കാലാകാലങ്ങളിൽ വരുത്തിയ ഭേദഗതികളും പുറപ്പെടുവിച്ച എല്ലാ എക്സിക്യൂട്ടീവ് ഉത്തരവുകളും ഇതിനാൽ അതിലംഘിച്ചു (In Supersession) കൊണ്ട്, തദ്ദേശ സ്വയംഭരണ വകുപ്പിലെ കണ്ടിജന്റ് ജീവനക്കാരുടെ സേവന വ്യവസ്ഥകൾ സംബന്ധമായി താഴെപ്പറയും വിധം വിശേഷാൽ ചട്ടങ്ങൾ (Special Rules) നിർമ്മിച്ച് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

### ചട്ടങ്ങൾ

1. **ചട്ടങ്ങളുടെ വ്യാപ്തിയും ബാധക വ്യവസ്ഥകളും (Scope and Extent of Application)**

   1.1 ഈ ചട്ടങ്ങൾ **"കേരള തദ്ദേശ സ്വയംഭരണ വകുപ്പ് കണ്ടിജന്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ 2026"** എന്ന് അറിയപ്പെടുന്നതാണ്.

   1.2 ഈ ചട്ടങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിലെ പഞ്ചായത്തു-നഗരസഭാ ഓഫീസുകളിലും അതിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളിലും സ്ഥിരാടിസ്ഥാനത്തിൽ നിയമിതരാവുന്ന എല്ലാ പാർട്ട്ടൈം - ഫുൾടൈം കണ്ടിജന്റ് ജീവനക്കാർക്കും ബാധകമായിരിക്കുന്നതാണ്.

2. **നിർവചനങ്ങൾ (Definitions)**

   ഈ ചട്ടങ്ങളിൽ സന്ദർഭം മറ്റൊരു വിധത്തിൽ വിവക്ഷിക്കപ്പെടാത്ത പക്ഷം:

   2.1 'വകുപ്പ്' എന്നാൽ കേരള സർക്കാരിന് കീഴിലുള്ള തദ്ദേശ സ്വയംഭരണ വകുപ്പ് എന്നാകുന്നു.

   2.2 'സർക്കാർ' എന്നാൽ കേരള സർക്കാർ.

2.3 'പഞ്ചായത്ത്' എന്നാൽ കേരള പഞ്ചായത്തി രാജ് ആക്ടിന് കീഴിലുള്ള ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നാകുന്നു.

2.4 'നഗരസഭ' എന്നാൽ കേരള മുനിസിപ്പൽ ആക്ടിന് കീഴിലുള്ള മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നാകുന്നു.

2.5 'സർവ്വീസ്' എന്നാൽ 'കേരള തദ്ദേശ സ്വയംഭരണ വകുപ്പ് കണ്ടിജന്റ് സർവ്വീസ്' എന്നാകുന്നു.

**3. സംഘാടനം (Constitution)**

3.1 തദ്ദേശ സ്വയം ഭരണ വകുപ്പിലെ പഞ്ചായത്തു-നഗരസഭാ ഓഫീസുകളിലും അതിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളിലും പ്രവൃത്തി ചെയ്യുന്ന സ്ഥിരാടിസ്ഥാനത്തിൽ നിയമിതരാവുന്ന കണ്ടിജന്റ് ജീവനക്കാരുടെ താഴെപ്പറയുന്ന കേഡറുകൾ ഉൾപ്പെടുന്നതാണ്.

എ. നൈപുണ്യ തൊഴിലാളി കേഡർ (Skilled Workers Cadre)
ബി. ശുചീകരണ തൊഴിലാളി കേഡർ (Sanitation Workers Cadre)
സി. പലവക തൊഴിലാളി കേഡർ (Miscellaneous Workers Cadre)

3.2 ഓരോ കേഡറിലും ഉൾപ്പെടുന്ന വിവിധ കാറ്റഗറി തസ്തികകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്ന പട്ടിക I ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടിക I**

| ക്രമ നമ്പർ | തസ്തികകളുടെ പേര് |
|---|---|
| **കേഡർ എ. നൈപുണ്യ തൊഴിലാളി കേഡർ (Skilled Workers Cadre)** | |
| 1 | ഫുൾ ടൈം നഴ്സറി സ്കൂൾ ടീച്ചർ |
| 2 | പാർട്ട് ടൈം നഴ്സറി സ്കൂൾ ടീച്ചർ |
| 3 | ഫുൾ ടൈം ലൈബ്രേറിയൻ |
| 4 | പാർട്ട് ടൈം ലൈബ്രേറിയൻ |
| 5 | ഫുൾ ടൈം ഫെറി മാൻ |
| 6 | പാർട്ട് ടൈം ഫെറി മാൻ |
| 7 | ഫുൾ ടൈം ടില്ലർ/ട്രാക്ടർ ഡ്രൈവർ |
| 8 | പാർട്ട് ടൈം ടില്ലർ/ട്രാക്ടർ ഡ്രൈവർ |
| 9 | ഫുൾ ടൈം ഓട്ടോ ഡ്രൈവർ |
| 10 | പാർട്ട് ടൈം ഓട്ടോ ഡ്രൈവർ |
| 11 | ഫുൾ ടൈം ജെസിബി ഡ്രൈവർ |
| 12 | പാർട്ട് ടൈം ടൈം ജെസിബി ഡ്രൈവർ |
| 13 | ഫുൾ ടൈം ഡ്രൈവർ |
| 14 | പാർട്ട് ടൈം ഡ്രൈവർ |
| 15 | ഫുൾ ടൈം ഫിറ്റർ |
| 16 | പാർട്ട് ടൈം ഫിറ്റർ |
| 17 | ഫുൾ ടൈം ഫർണസ് ഓപ്പറേറ്റർ |
| 18 | പാർട്ട് ടൈം ഫർണസ് ഓപ്പറേറ്റർ |
| 19 | ഫുൾ ടൈം സൈറൻ ഓപ്പറേറ്റർ |

| ക്രമ നമ്പർ | തസ്തികകളുടെ പേര് |
|---|---|
| 20 | പാർട്ട് ടൈം സൈറൻ ഓപ്പറേറ്റർ |
| 21 | ഫുൾ ടൈം ക്രെമേഷൻ വർക്കർ |
| 22 | പാർട്ട് ടൈം ക്രെമേഷൻ വർക്കർ |
| 23 | ഫുൾ ടൈം ടാർ മിക്സിംഗ് അസിസ്റ്റന്റ് |
| 24 | പാർട്ട് ടൈം ടാർ മിക്സിംഗ് അസിസ്റ്റന്റ് |
| **കേഡർ ബി. ശുചികരണ തൊഴിലാളി കേഡർ (Sanitation Workers Cadre)** | |
| 25 | ഫുൾ ടൈം ശുചീകരണ ജീവനക്കാർ (Full Time Sanitation Workers) |
| 26 | പാർട്ട് ടൈം ശുചീകരണ ജീവനക്കാർ (Part Time Sanitation Workers) |
| 27 | ഫുൾ ടൈം സ്വീപ്പർ |
| 28 | പാർട്ട് ടൈംസ്വീപ്പർ |
| 29 | ഫുൾ ടൈം ശുചിമുറി പരിപാലകർ* |
| 30 | പാർട്ട് ടൈം ശുചിമുറി പരിപാലകർ* |
| 31 | ഫുൾ ടൈം മാർക്കറ്റ് സ്വീപ്പർ |
| 32 | പാർട്ട് ടൈം മാർക്കറ്റ് സ്വീപ്പർ |
| 33 | ഫുൾ ടൈം റോഡ് സ്വീപ്പർ |
| 34 | പാർട്ട് ടൈം റോഡ് സ്വീപ്പർ |
| 35 | ഫുൾ ടൈം കൊതുകു നിവാരണക്കാർ |
| 36 | പാർട്ട് ടൈം കൊതുകു നിവാരണക്കാർ |
| **കേഡർ സി. പലവക തൊഴിലാളി കേഡർ (Miscellaneous Workers Cadre)** | |
| 37 | ഫുൾ ടൈം പൂവർ ഹോം വാർഡൻ |
| 38 | പാർട്ട് ടൈം പൂവർ ഹോം വാർഡൻ |
| 39 | ഫുൾ ടൈം പൂവർ ഹോം ജീവനക്കാർ |
| 40 | പാർട്ട് ടൈം പൂവർ ഹോം ജീവനക്കാർ |
| 41 | ഫുൾടൈം ആയ |
| 42 | പാർട്ട് ടൈം ആയ |
| 43 | ഫുൾ ടൈം പലവക തൊഴിലാളികൾ |
| 44 | പാർട്ട് ടൈം പലവക തൊഴിലാളികൾ |
| 45 | ഫുൾടൈം നൈറ്റ് വാച്ച്മാൻ |
| 46 | പാർട്ട് ടൈം നൈറ്റ് വാച്ച്മാൻ |
| 47 | ഫുൾ ടൈം പൗണ്ട് കീപ്പർ |
| 48 | പാർട്ട് ടൈം പൗണ്ട് കീപ്പർ |
| 49 | ഫുൾ ടൈം സ്ലുയിസ് വാച്ചർ |
| 50 | പാർട്ട് ടൈം സ്ലുയിസ് വാച്ചർ |
| 51 | ഫുൾ ടൈം ഗാർബേജ് ലോറി ജീവനക്കാർ |
| 52 | പാർട്ട് ടൈം ഗാർബേജ് ലോറി ജീവനക്കാർ |
| 53 | ഫുൾ ടൈം വാട്ടർ ലോറി ജീവനക്കാർ |
| 54 | പാർട്ട് ടൈം വാട്ടർ ലോറി ജീവനക്കാർ |
| 55 | ഫുൾ ടൈം സ്ലോട്ടർ ഹൗസ്സ് ജീവനക്കാർ |
| 56 | പാർട്ട് ടൈം സ്ലോട്ടർ ഹൗസ്സ് ജീവനക്കാർ |
| 57 | ഫുൾ ടൈം ഹെൽപ്പർ |
| 58 | പാർട്ട് ടൈം ഹെൽപ്പർ |
| 59 | ഫുൾ ടൈം ഗാർഡനർ |
| 60 | പാർട്ട് ടൈം ഗാർഡനർ |
| 61 | ഫുൾ ടൈം NMR വർക്കർ |
| 62 | പാർട്ട് ടൈം NMR വർക്കർ |
| 63 | ഫുൾ ടൈം ജെസിബി ക്ലീനർ |
| 64 | പാർട്ട് ടൈം ജെസിബി ക്ലീനർ |

* സ്കാവഞ്ചർ എന്ന തസ്തിക ശുചിമുറി പരിപാലകർ എന്ന് പുനർ നാമകരണം ചെയ്തിരിക്കുന്നു.

**4. നിയമനം (Appointment)**

4.1 ചട്ടം 3.1ൽ പരാമർശിച്ചിരിക്കുന്ന കേരള തദ്ദേശ സ്വയംഭരണ വകുപ്പ് കണ്ടിജന്റ് കേഡറുകളിൽ ഉൾപ്പെടുന്ന വിവിധ കാറ്റഗറിയിൽപ്പെട്ട തസ്തികകളും അവയുടെ നിയമനരീതി, വിവിധ കാറ്റഗറി തസ്തികകളിൽ നിയമിക്കപ്പെടാൻ ആവശ്യമുള്ള യോഗ്യതകൾ, തൊഴിൽ പരിചയം എന്നിവ ചുവടെ ചേർത്തിരിക്കുന്ന പട്ടിക II ൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

**പട്ടിക II**

| ക്രമ നമ്പർ | കാറ്റഗറി | നിയമന രീതി | ആവശ്യമുള്ള യോഗ്യതകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| **കേഡർ എ. നൈപുണ്യ തൊഴിലാളി കേഡർ (Skilled Workers Cadre)** | | | |
| 1 | ഫുൾ ടൈം നഴ്സറി സ്കൂൾ ടീച്ചർ | <u>നിയമനരീതി</u><br><br>കാറ്റഗറി 2 ലെ പാർട്ട് ടൈം നഴ്സറി സ്കൂൾ ടീച്ചർ തസ്തികയിലെ യോഗ്യരായവരിൽ നിന്നും **പ്രമോഷൻ വഴി നിയമനം**<br><br>കാറ്റഗറി 2 ൽ പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുള്ള നിയമനം** | <u>അവശ്യയോഗ്യത</u><br><br>1. എസ്.എസ്. എൽ.സി. പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. സർക്കാരിൽ നിന്നുള്ള നഴ്സറി ടീച്ചേഴ്സ് ട്രെയിനിങ് സർട്ടിഫിക്കറ്റ്<br><br>അല്ലെങ്കിൽ<br><br>സംസ്ഥാന ശിശു ക്ഷേമ കൗൺസിൽ നൽകുന്ന നഴ്സറി ടീച്ചേഴ്സ് ട്രെയിനിങ് സർട്ടിഫിക്കറ്റ്/ ബാലസേവികാ ട്രെയിനിങ് സർട്ടിഫിക്കറ്റ്<br><br>അല്ലെങ്കിൽ<br><br>കേരള കമ്മിഷണർ ഓഫ് ഗവണ്മെന്റ് എക്സാമിനേഷൻസ് നൽകുന്ന പ്രിപ്രൈമറി ടീച്ചേഴ്സ് ട്രെയിനിങ് സർട്ടിഫിക്കറ്റ്<br><br><u>പ്രവൃത്തി പരിചയം</u><br><br><u>പ്രമോഷൻ</u><br>3. പാർട്ട് ടൈം നഴ്സറി സ്കൂൾ ടീച്ചർ തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം<br><br><u>നേരിട്ടുള്ള നിയമനം</u><br>4. ഒരു അംഗീകൃത നഴ്സറി |

| ക്രമ നമ്പർ | കാറ്റഗറി | നിയമന രീതി | ആവശ്യമുളള യോഗ്യതകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| | | | സ്കൂളിൽ പാർട്ട് ടൈം/ഫുൾ ടൈം നഴ്സറി സ്കൂൾ ടീച്ചർ തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 2 | പാർട്ട് ടൈം നഴ്സറി സ്കൂൾ ടീച്ചർ | **നേരിട്ടുള്ള നിയമനം** | <u>അവശ്യയോഗ്യത</u><br>1. എസ്.എസ്. എൽ.സി. പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. സർക്കാർ അംഗീകൃത നഴ്സറി ടീച്ചേഴ്സ് ട്രെയിനിങ് സർട്ടിഫിക്കറ്റ്<br>അല്ലെങ്കിൽ<br>സംസ്ഥാന ശിശു ക്ഷേമ കൗൺസിൽ നൽകുന്ന നഴ്സറി ടീച്ചേഴ്സ് ട്രെയിനിങ് സർട്ടിഫിക്കറ്റ്/ ബാലസേവികാ ട്രെയിനിങ് സർട്ടിഫിക്കറ്റ്<br>അല്ലെങ്കിൽ<br>കേരള കമ്മിഷണർ ഓഫ് ഗവണ്മെന്റ് എക്സാമിനേഷൻസ് നൽകുന്ന പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിങ് സർട്ടിഫിക്കറ്റ് |
| 3 | ഫുൾ ടൈം ലൈബ്രേറിയൻ | കാറ്റഗറി 4 ലെ പാർട്ട് ടൈം ലൈബ്രേറിയൻ തസ്തികയിലെ യോഗ്യരായവരിൽ നിന്നും **പ്രമോഷൻ വഴി നിയമനം**<br>കാറ്റഗറി 4 ൽ പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുള്ള നിയമനം** | <u>അവശ്യയോഗ്യത</u><br>1. എസ്.എസ്. എൽ.സി. പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം.<br>2. സർക്കാർ അംഗീകൃത ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ്/ഡിപ്ലോമ പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം.<br><u>പ്രവൃത്തി പരിചയം</u> |

| ക്രമ നമ്പർ | കാറ്റഗറി | നിയമന രീതി | ആവശ്യമുള്ള യോഗ്യതകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| | | | പ്രമോഷൻ<br>3. പാർട്ട് ടൈം ലൈബ്രേറിയൻ തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം<br><br>നേരിട്ടുള്ള നിയമനം<br>4. ഒരു അംഗീകൃത നഴ്സറി സ്കൂളിൽ പാർട്ട് ടൈം/ഫുൾ ടൈം ലൈബ്രേറിയൻ തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 4 | പാർട്ട് ടൈം ലൈബ്രേറിയൻ | **നേരിട്ടുള്ള നിയമനം** | അവശ്യയോഗ്യത<br><br>1. എസ്.എസ്.എൽ.സി. പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം.<br>2. സർക്കാരിൽ നിന്നുള്ള ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ്/ഡിപ്ലോമ പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം. |
| 5 | ഫുൾ ടൈം ഫെറി മാൻ | കാറ്റഗറി 6 ലെ പാർട്ട് ടൈം ഫെറി മാൻ തസ്തികയിലെ യോഗ്യരായവരിൽ നിന്നും **പ്രമോഷൻ വഴി നിയമനം**<br><br>കാറ്റഗറി 6ൽ പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുള്ള നിയമനം** | അവശ്യയോഗ്യത<br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമത യുണ്ടെന്നുള്ള സർട്ടിഫിക്കറ്റ്<br><br>പ്രവൃത്തി പരിചയം<br><br>പ്രമോഷൻ<br>3. പാർട്ട് ടൈം ഫെറി മാൻ തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം<br><br>നേരിട്ടുള്ള നിയമനം<br>4. ഒരു അംഗീകൃത സ്ഥാപന ത്തിൽ പാർട്ട് ടൈം /ഫുൾ ടൈം ഫെറിമാൻ തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| | | | |

| ക്രമ നമ്പർ | കാറ്റഗറി | നിയമന രീതി | ആവശ്യമുള്ള യോഗ്യതകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 6 | പാർട്ട് ടൈം ഫെറി മാൻ | **നേരിട്ടുള്ള നിയമനം** | <u>അവശ്യയോഗ്യത</u><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമത യുണ്ടെന്നുള്ള സർട്ടിഫിക്കറ്റ്<br><u>പ്രവൃത്തി പരിചയം</u><br>3. പാർട്ട് ടൈം/ഫുൾ ടൈം ഫെറി മാൻതസ്തികയിൽ ഒരു വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 7 | ഫുൾ ടൈം ടില്ലർ/ ട്രാക്ടർ ഡ്രൈവർ | കാറ്റഗറി 8 ലെ പാർട്ട് ടൈം ടില്ലർ/ ട്രാക്ടർ ഡ്രൈവർ തസ്തികയിലെ യോഗ്യരായവരിൽ നിന്നും **പ്രമോഷൻ വഴി നിയമനം**<br>കാറ്റഗറി 8 ൽ പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുള്ള നിയമനം** | <u>അവശ്യയോഗ്യത</u><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. മെക്കാനിക് ട്രാക്ടർ/മെക്കാനിക് മോട്ടോർ വെഹിക്കിൾ/ മെക്കാനിക് ഡീസൽ എന്നിവയിൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റും സാധുവായ ടില്ലർ/ ട്രാക്ടർ ഡ്രൈവിംഗ് ലൈസൻസും ഉണ്ടായിരിക്കണം.<br><u>പ്രവൃത്തി പരിചയം</u><br><u>പ്രമോഷൻ</u><br>3. പാർട്ട് ടൈം ടില്ലർ /ട്രാക്ടർ ഡ്രൈവർ തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം<br><u>നേരിട്ടുള്ള നിയമനം</u><br>4. പാർട്ട് ടൈം /ഫുൾ ടൈം ടില്ലർ /ട്രാക്ടർ ഡ്രൈവർ തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 8 | പാർട്ട് ടൈം ടില്ലർ/ ട്രാക്ടർ ഡ്രൈവർ | **നേരിട്ടുള്ള നിയമനം** | <u>അവശ്യയോഗ്യത</u><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. മെക്കാനിക് ട്രാക്ടർ/മെക്കാ |

| ക്രമ നമ്പർ | കാറ്റഗറി | നിയമന രീതി | ആവശ്യമുളള യോഗ്യതകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| | | | നിക് മോട്ടോർ വെഹിക്കിൾ/ മെക്കാനിക് ഡീസൽ എന്നിവ യിൽ നാഷണൽ ട്രേഡ് സർട്ടി ഫിക്കറ്റും സാധുവായ ടില്ലർ/ ട്രാക്ടർ ഡ്രൈവിംഗ് ലൈസൻസും ഉണ്ടായിരിക്ക ണം.<br><br><u>അഭികാമ്യം</u><br><br>പാർട്ട് ടൈം/ഫുൾ ടൈം ടില്ലർ/ ട്രാക്ടർ ഡ്രൈവർ തസ്തികയിൽ ഒരു വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 9 | ഫുൾ ടൈം ഓട്ടോ ഡ്രൈവർ | കാറ്റഗറി 10 ലെ പാർട്ട് ടൈം ഓട്ടോ ഡ്രൈവർ തസ്തികയിലെ യോഗ്യരായവരിൽ നിന്നും **പ്രമോഷൻ വഴി നിയമനം**<br><br>കാറ്റഗറി 10 ൽ പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുളള നിയമനം** | <u>അവശ്യയോഗ്യത</u><br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. സാധുവായ ഓട്ടോ ഡ്രൈവിംഗ് ലൈസൻസ്<br><br><u>പ്രവൃത്തി പരിചയം</u><br><br><u>പ്രമോഷൻ</u><br>3. പാർട്ട് ടൈം ഓട്ടോ ഡ്രൈവർ തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം<br><br><u>നേരിട്ടുള്ള നിയമനം</u><br>4. പാർട്ട് ടൈം /ഫുൾ ടൈം ഓട്ടോ ഡ്രൈവർ തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 10 | പാർട്ട് ടൈം ഓട്ടോ ഡ്രൈവർ | **നേരിട്ടുളള നിയമനം** | <u>അവശ്യയോഗ്യത</u><br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. സാധുവായ ഓട്ടോ ഡ്രൈവിംഗ് ലൈസൻസ്<br><br><u>അഭികാമ്യം</u><br><br>പാർട്ട് ടൈം/ഫുൾ ടൈം ഓട്ടോ ഡ്രൈവർ തസ്തികയിൽ ഒരു |

| ക്രമ നമ്പർ | കാറ്റഗറി | നിയമന രീതി | ആവശ്യമുള്ള യോഗ്യതകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| | | | വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 11 | ഫുൾ ടൈം ജെസിബി ഡ്രൈവർ | കാറ്റഗറി 12 ലെ പാർട്ട് ടൈം ജെസിബി ഡ്രൈവർ തസ്തികയിലെ യോഗ്യരായവരിൽ നിന്നും **പ്രമോഷൻ വഴി നിയമനം**<br><br>കാറ്റഗറി 12 ൽ പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുള്ള നിയമനം** | <u>അവശ്യയോഗ്യത</u><br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. സാധുവായ ജെസിബി ഡ്രൈവിംഗ്. ലൈസൻസ്<br>3. ആവശ്യമായ ശാരീരിക ക്ഷമത യുണ്ടെന്നുള്ള സർട്ടിഫിക്കറ്റ്<br><br><u>പ്രവൃത്തി പരിചയം</u><br><br><u>പ്രമോഷൻ</u><br>4. പാർട്ട് ടൈം ജെസിബി ഡ്രൈവർ തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം<br><br><u>നേരിട്ടുള്ള നിയമനം</u><br>5. പാർട്ട് ടൈം /ഫുൾ ടൈം ജെസിബി ഡ്രൈവർ തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 12 | പാർട്ട് ടൈം ജെസിബി ഡ്രൈവർ | | <u>അവശ്യയോഗ്യത</u><br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. സാധുവായ ജെസിബി ഡ്രൈവിംഗ് ലൈസൻസ്<br>3. ആവശ്യമായ ശാരീരിക ക്ഷമ തയുണ്ടെന്നുള്ള സർട്ടിഫിക്കറ്റ്<br><br><u>അഭികാമ്യം</u><br><br>പാർട്ട് ടൈം/ഫുൾ ടൈം ജെസിബി ഡ്രൈവർ തസ്തികയിൽ രണ്ടു വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 13 | ഫുൾ ടൈം ഡ്രൈവർ | കാറ്റഗറി 14 ലെ പാർട്ട് ടൈം ഡ്രൈവർ തസ്തികയിലെ യോഗ്യരായവരിൽ നിന്നും | <u>അവശ്യയോഗ്യത</u><br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം |

| ക്രമ നമ്പർ | കാറ്റഗറി | നിയമന രീതി | ആവശ്യമുള്ള യോഗ്യതകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| | | **പ്രമോഷൻ വഴി നിയമനം**<br><br>കാറ്റഗറി 14 ൽ പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുള്ള നിയമനം** | 2. സാധുവായ എൽ എം വി/ എച്ച് എം വി ഡ്രൈവിംഗ് ലൈസൻസ്<br>3. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്<br><br><u>പ്രവൃത്തി പരിചയം</u><br><br><u>പ്രമോഷൻ</u><br>4. പാർട്ട് ടൈം ഡ്രൈവർ തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം<br><br><u>നേരിട്ടുള്ള നിയമനം</u><br>5. പാർട്ട് ടൈം /ഫുൾ ടൈം ഡ്രൈവർ തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 14 | പാർട്ട് ടൈം ഡ്രൈവർ | **നേരിട്ടുള്ള നിയമനം** | <u>അവശ്യയോഗ്യത</u><br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. സാധുവായ എൽ എം വി/ എച്ച് എം വി ഡ്രൈവിംഗ് ലൈസൻസ്<br>3. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്<br><br><u>പ്രവൃത്തി പരിചയം</u><br><br>4. പാർട്ട് ടൈം/ഫുൾ ടൈം ഡ്രൈവറായുള്ള കുറഞ്ഞത് രണ്ടു വർഷത്തെ തൊഴിൽപരിചയം |
| 15 | ഫുൾ ടൈം ഫിറ്റർ | കാറ്റഗറി 16 ലെ പാർട്ട് ടൈം ഫിറ്റർ തസ്തികയിലെ യോഗ്യരായവരിൽ നിന്നും **പ്രമോഷൻ വഴി നിയമനം**<br><br>കാറ്റഗറി 16 ൽ പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുള്ള നിയമനം** | <u>അവശ്യയോഗ്യത</u><br><br>1.. ഒരു അംഗീകൃത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നുള്ള ഫിറ്റർ ട്രേഡിലെ ഐടിഐ സർട്ടിഫിക്കറ്റ്<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് |

| ക്രമ നമ്പർ | കാറ്റഗറി | നിയമന രീതി | ആവശ്യമുള്ള യോഗ്യതകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| | | | പ്രവൃത്തി പരിചയം<br><br>പ്രമോഷൻ<br>3. പാർട്ട് ടൈം ഫിറ്റർ തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം<br><br>നേരിട്ടുള്ള നിയമനം<br>4. ഒരു അംഗീകൃത സ്ഥാപന ത്തിൽ പാർട്ട് ടൈം /ഫുൾ ടൈം ഫിറ്റർ തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 16 | പാർട്ട്ടൈം ഫിറ്റർ | **നേരിട്ടുള്ള നിയമനം** | അവശ്യയോഗ്യത<br><br>1.. ഒരു അംഗീകൃത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നുള്ള ഫിറ്റർ ട്രേഡിലെ ഐടിഐ സർട്ടിഫിക്കറ്റ്<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് |
| 17 | ഫുൾ ടൈം ഫർണസ് ഓപ്പറേറ്റർ | കാറ്റഗറി 18 ലെ പാർട്ട് ടൈം ഫർണസ് ഓപ്പറേറ്റർ തസ്തികയിലെ യോഗ്യരായവരിൽ നിന്നും **പ്രമോഷൻ വഴി നിയമനം**<br><br>കാറ്റഗറി 18 ൽ പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുള്ള നിയമനം** | അവശ്യയോഗ്യത<br><br>1. എസ്.എസ്.എൽ.സി. പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം.<br>2. സർക്കാർ അംഗീകൃത സ്ഥാപ നത്തിലെ രണ്ടു വർഷ കോഴ്സിനോടനുബന്ധിച്ച് ലഭിക്കുന്ന ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് സർട്ടിഫി ക്കറ്റ്.<br><br>അല്ലെങ്കിൽ<br><br>സർക്കാർ അംഗികൃത വ്യവ സായ പരിശീലന സ്ഥാപനത്തിൽ നിന്നും ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിൽ ഉൾപ്പെട്ട ഇലക്ട്രീ ഷ്യൻ ട്രേഡിൽ 18 മാസ കോഴ്സും തുടർന്ന് 6 മാസ ഇൻപ്ലാന്റ് പരിശീലനവും |

| ക്രമ നമ്പർ | കാറ്റഗറി | നിയമന രീതി | ആവശ്യമുള്ള യോഗ്യതകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| | | | പൂർത്തീകരിച്ചതിനു ശേഷം ലഭിക്കുന്ന നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്.<br><br>അല്ലെങ്കിൽ<br><br>ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ലൈറ്റ് & പവർ (ഹയർ), അപ്ലൈഡ് മെക്കാനിക്സ് (ലോവർ), ഹയർ എഞ്ചിൻസ് (ലോവർ), മെക്കാനിക് ഡ്രോയിംഗ് (ലോവർ) - ഇവയിൽ ഏതിലെങ്കിലുമുള്ള എം.ജി.ടി.ഇ. അഥവാ കെ.ജി.ടി.ഇ. ഗ്രൂപ്പ് സർട്ടിഫിക്കറ്റ്<br><br>3. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്<br><br><u>പ്രവൃത്തി പരിചയം</u><br><br><u>പ്രമോഷൻ</u><br>4. പാർട്ട് ടൈം ഫർണസ് ഓപ്പറേറ്റർ തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം<br><br><u>നേരിട്ടുള്ള നിയമനം</u><br>5. അംഗീകൃത സ്ഥാപനത്തിൽപാർട്ട് ടൈം /ഫുൾ ടൈം ഫർണസ് ഓപ്പറേറ്റർ തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 18 | പാർട്ട് ടൈം ഫർണസ് ഓപ്പറേറ്റർ | **നേരിട്ടുള്ള നിയമനം** | <u>അവശ്യയോഗ്യത</u><br><br>1. എസ്.എസ്.എൽ.സി. പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം.<br>2. സർക്കാർ അംഗീകൃത സ്ഥാപനത്തിലെ രണ്ടു വർഷ കോഴ്സിനോടനുബന്ധിച്ച് ലഭിക്കുന്ന ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് സർട്ടിഫിക്കറ്റ്.<br><br>അല്ലെങ്കിൽ |

| ക്രമ നമ്പർ | കാറ്റഗറി | നിയമന രീതി | ആവശ്യമുള്ള യോഗ്യതകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| | | | സർക്കാർ അംഗീകൃത വ്യവസായ പരിശീലന സ്ഥാപനത്തിൽ നിന്നും ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിൽ ഉൾപ്പെട്ട ഇലക്ട്രീഷ്യൻ ട്രേഡിൽ 18 മാസ കോഴ്സും തുടർന്ന് 6 മാസ ഇൻപ്ലാന്റ് പരിശീലനവും പൂർത്തീകരിച്ചതിനു ശേഷം ലഭിക്കുന്ന നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്.<br><br>അല്ലെങ്കിൽ<br><br>ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ലൈറ്റ് & പവർ (ഹയർ), അപ്ലൈഡ് മെക്കാനിക്സ് (ലോവർ), ഹയർ എഞ്ചിൻസ് (ലോവർ), മെക്കാനിക് ഡ്രോയിംഗ് (ലോവർ) - ഇവയിൽ ഏതിലെങ്കിലുമുള്ള എം. ജി.ടി.ഇ. അഥവാ കെ.ജി.ടി.ഇ. ഗ്രൂപ്പ് സർട്ടിഫിക്കറ്റ്<br><br>3. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്<br><br><u>പ്രവൃത്തി പരിചയം</u><br><br>3. പാർട്ട് ടൈം/ഫുൾ ടൈം ഫർണസ് ഓപ്പറേറ്റർ/ഇലക്ട്രീഷ്യൻ തസ്തികയിൽ ഒരു വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 19 | ഫുൾ ടൈം സൈറൻ ഓപ്പറേറ്റർ | കാറ്റഗറി 20 ലെ പാർട്ട് ടൈം സൈറൻ ഓപ്പറേറ്റർ തസ്തികയിലെ യോഗ്യരായവരിൽ നിന്നും **പ്രമോഷൻ വഴി നിയമനം**<br><br>കാറ്റഗറി 20 ൽ പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുള്ള നിയമനം** | <u>അവശ്യയോഗ്യത</u><br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്<br><br><u>പ്രവൃത്തി പരിചയം</u><br><br><u>പ്രമോഷൻ</u><br>3. പാർട്ട് ടൈം സൈറൻ ഓപ്പറേറ്റർ തസ്തികയിൽ |

| ക്രമ നമ്പർ | കാറ്റഗറി | നിയമന രീതി | ആവശ്യമുള്ള യോഗ്യതകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| | | | മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം<br><br><u>നേരിട്ടുള്ള നിയമനം</u><br>4. പാർട്ട് ടൈം /ഫുൾ ടൈം സൈറൻ ഓപ്പറേറ്റർ തസ്തികയിലുള്ള തൊഴിൽ പരിചയം അഭികാമ്യമായിരിക്കും. |
| 20 | പാർട്ട് ടൈം സൈറൻ ഓപ്പറേറ്റർ | **നേരിട്ടുള്ള നിയമനം** | <u>ആവശ്യയോഗ്യത</u><br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് |
| 21 | ഫുൾ ടൈം ക്രെമേഷൻ വർക്കർ | കാറ്റഗറി 22 ലെ ലെ പാർട്ട് ടൈം ക്രെമേഷൻ വർക്കർ തസ്തികയിലെ യോഗ്യരായവരിൽ നിന്നും **പ്രമോഷൻ വഴി നിയമനം**<br><br>കാറ്റഗറി 22 ൽ പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുള്ള നിയമനം** | <u>അവശ്യയോഗ്യത</u><br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്<br><br><u>പ്രവൃത്തി പരിചയം</u><br><br><u>പ്രമോഷൻ</u><br>3. പാർട്ട് ടൈം ക്രെമേഷൻ വർക്കർ തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം<br><br><u>നേരിട്ടുള്ള നിയമനം</u><br>4. പാർട്ട് ടൈം /ഫുൾ ടൈം ക്രെമേഷൻ വർക്കർ തസ്തികയിലുള്ള തൊഴിൽ പരിചയം അഭികാമ്യമായിരിക്കും. |
| 22 | പാർട്ട്ടൈം ക്രെമേഷൻ വർക്കർ | **നേരിട്ടുള്ള നിയമനം** | <u>അവശ്യയോഗ്യത</u><br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമ |

| ക്രമ നമ്പർ | കാറ്റഗറി | നിയമന രീതി | ആവശ്യമുള്ള യോഗ്യതകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| | | | തയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് |
| 23 | ഫുൾ ടൈം ടാർ മിക്സിംഗ് അസിസ്റ്റന്റ് | കാറ്റഗറി 24 ലെ പാർട്ട് ടൈം ടാർ മിക്സിംഗ് അസിസ്റ്റന്റ് തസ്തികയിലെ യോഗ്യരായ വരിൽ നിന്നും **പ്രമോഷൻ വഴി നിയമനം**<br><br>കാറ്റഗറി 24 ൽ പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുള്ള നിയമനം** | <u>അവശ്യയോഗ്യത</u><br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമ തയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്<br><br><u>പ്രവൃത്തി പരിചയം</u><br><br><u>പ്രമോഷൻ</u><br>3. പാർട്ട് ടൈം ടാർ മിക്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം<br><br><u>നേരിട്ടുള്ള നിയമനം</u><br>4. പാർട്ട് ടൈം /ഫുൾ ടൈം ടാർ മിക്സിംഗ് അസിസ്റ്റന്റ് തസ്തികയിലുള്ള തൊഴിൽ പരിചയം |
| 24 | പാർട്ട് ടൈം ടാർ മിക്സിംഗ് അസിസ്റ്റന്റ് | **നേരിട്ടുള്ള നിയമനം** | <u>അവശ്യയോഗ്യത</u><br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമ തയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്<br><br><u>പ്രവൃത്തി പരിചയം</u><br><br>3. പാർട്ട് ടൈം/ഫുൾ ടൈം ടാർ മിക്സിംഗ് അസിസ്റ്റന്റ് തസ്തി കയിൽ രണ്ടു വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| **കേഡർ ബി. ശുചീകരണ തൊഴിലാളി കേഡർ (Sanitation Workers Cadre)** | | | |
| 25 | ഫുൾ ടൈം ശുചീകരണജീ വനക്കാർ (Full Time Sanitation Workers) | ശുചീകരണ തൊഴിലാളി കേഡറിലെ പാർട്ട് ടൈം ജീവനക്കാരിലെ യോഗ്യരായവരിൽ നിന്നും **പ്രമോഷൻ വഴി നിയമനം**<br><br>കേഡറിലെ പ്രമോഷനായി | <u>അവശ്യയോഗ്യത</u><br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള |

| ക്രമ നമ്പർ | കാറ്റഗറി | നിയമന രീതി | ആവശ്യമുള്ള യോഗ്യതകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| | | യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുള്ള നിയമനം** | മെഡിക്കൽ സർട്ടിഫിക്കറ്റ്<br><br><u>പ്രവൃത്തി പരിചയം</u><br><br><u>പ്രമോഷൻ</u><br>3. ശുചീകരണ തൊഴിലാളി കേഡറിലുൾപ്പെട്ട ഏതെങ്കിലും തസ്തികയിൽ പാർട്ട് ടൈം ജീവനക്കാരായി മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം<br><br><u>നേരിട്ടുള്ള നിയമനം</u><br>4. ഒരു അംഗീകൃത സ്ഥാപനത്തിൽ ശുചീകരണ തൊഴിലാളി കേഡറിലുൾപ്പെട്ട ഏതെങ്കിലും തസ്തികയിൽ പാർട്ട് ടൈമോ ഫുൾ ടൈമോ ആയി മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 26 | പാർട്ട് ടൈം ശുചീകരണ ജീവനക്കാർ (Part Time Sanitation Workers) | **നേരിട്ടുള്ള നിയമനം** | <u>അവശ്യയോഗ്യത</u><br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് |
| 27 | * ഫുൾ ടൈം സ്വീപ്പർ | ശുചീകരണ തൊഴിലാളി കേഡറിലെ പാർട്ട് ടൈം ജീവനക്കാരിലെ യോഗ്യരായവരിൽ നിന്നും **പ്രമോഷൻ വഴി നിയമനം**<br><br>കേഡറിലെ പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുള്ള നിയമനം** | <u>അവശ്യയോഗ്യത</u><br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്<br><br><u>പ്രവൃത്തി പരിചയം</u><br><br><u>പ്രമോഷൻ</u><br>3. ശുചീകരണ തൊഴിലാളി കേഡറിലുൾപ്പെട്ട ഏതെങ്കിലും തസ്തികയിൽ പാർട്ട് ടൈം ജീവനക്കാരായി മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം<br><br><u>നേരിട്ടുള്ള നിയമനം</u> |

| ക്രമ നമ്പർ | കാറ്റഗറി | നിയമന രീതി | ആവശ്യമുള്ള യോഗ്യതകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| | | | 4. ഒരു അംഗീകൃത സ്ഥാപനത്തിൽ ശുചീകരണ തൊഴിലാളി കേഡറിലുൾപ്പെട്ട ഏതെങ്കിലും തസ്തികയിൽ പാർട്ട് ടൈമോ ഫുൾ ടൈമോ ആയി മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 28 | പാർട്ട് ടൈം സ്വീപ്പർ | **നേരിട്ടുള്ള നിയമനം** | അവശ്യയോഗ്യത<br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് |
| 29 | ഫുൾ ടൈം ** ശുചിമുറി പരിപാലകർ | ശുചീകരണ തൊഴിലാളി കേഡറിലെ പാർട്ട് ടൈം ജീവനക്കാരിലെ യോഗ്യരായവരിൽ നിന്നും **പ്രമോഷൻ വഴി നിയമനം**<br>കേഡറിലെ പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുള്ള നിയമനം** | അവശ്യയോഗ്യത<br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്<br>പ്രവൃത്തി പരിചയം<br>പ്രമോഷൻ<br>3. ശുചീകരണ തൊഴിലാളി കേഡറിലുൾപ്പെട്ട ഏതെങ്കിലും തസ്തികയിൽ പാർട്ട് ടൈം ജീവനക്കാരായി മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം<br>നേരിട്ടുള്ള നിയമനം<br>4. ഒരു അംഗീകൃത സ്ഥാപനത്തിൽ ശുചീകരണ തൊഴിലാളി കേഡറിലുൾപ്പെട്ട ഏതെങ്കിലും തസ്തികയിൽ പാർട്ട് ടൈമോ ഫുൾ ടൈമോ ആയി മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 30 | പാർട്ട് ടൈം ** ശുചിമുറി പരിപാലകർ | **നേരിട്ടുള്ള നിയമനം** | അവശ്യയോഗ്യത<br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമ |

| ക്രമ നമ്പർ | കാറ്റഗറി | നിയമന രീതി | ആവശ്യമുള്ള യോഗ്യതകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| | | | തയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് |
| 31 | * ഫുൾ ടൈം മാർക്കറ്റ് സ്വീപ്പർ | ശുചീകരണ തൊഴിലാളി കേഡറിലെ പാർട്ട് ടൈം ജീവനക്കാരിലെ യോഗ്യരായവരിൽ നിന്നും **പ്രമോഷൻ വഴി നിയമനം**<br><br>കേഡറിലെ പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുള്ള നിയമനം** | അവശ്യയോഗ്യത<br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമ തയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്<br><br>പ്രവൃത്തി പരിചയം<br><br>പ്രമോഷൻ<br>3. ശുചീകരണ തൊഴിലാളി കേഡറിലുൾപ്പെട്ട ഏതെങ്കിലും തസ്തികയിൽ പാർട്ട് ടൈം ജീവനക്കാരായി മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം<br><br>നേരിട്ടുള്ള നിയമനം<br>4. ഒരു അംഗീകൃത സ്ഥാപനത്തിൽ ശുചീകരണ തൊഴിലാളി കേഡറിലുൾപ്പെട്ട ഏതെങ്കിലും തസ്തികയിൽ പാർട്ട് ടൈമോ ഫുൾ ടൈമോ ആയി മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 32 | പാർട്ട് ടൈം മാർക്കറ്റ് സ്വീപ്പർ | **നേരിട്ടുള്ള നിയമനം** | അവശ്യയോഗ്യത<br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br><br>2. ആവശ്യമായ ശാരീരിക ക്ഷമ തയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് |
| 33 | * ഫുൾ ടൈം റോഡ് സ്വീപ്പർ | ശുചീകരണ തൊഴിലാളി കേഡറിലെ പാർട്ട് ടൈം ജീവനക്കാരിലെ യോഗ്യരായവരിൽ നിന്നും **പ്രമോഷൻ വഴി നിയമനം**<br><br>കേഡറിലെ പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുള്ള നിയമനം** | അവശ്യയോഗ്യത<br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br><br>2. ആവശ്യമായ ശാരീരിക ക്ഷമ തയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് |

| ക്രമ നമ്പർ | കാറ്റഗറി | നിയമന രീതി | ആവശ്യമുള്ള യോഗ്യതകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| | | | പ്രവൃത്തി പരിചയം<br><br>പ്രമോഷൻ<br>3. ശുചീകരണ തൊഴിലാളി കേഡറിലുൾപ്പെട്ട ഏതെങ്കിലും തസ്തികയിൽ പാർട്ട് ടൈം ജീവനക്കാരായി മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം<br><br>നേരിട്ടുള്ള നിയമനം<br>4. ഒരു അംഗീകൃത സ്ഥാപനത്തിൽ ശുചീകരണ തൊഴിലാളി കേഡറിലുൾപ്പെട്ട ഏതെങ്കിലും തസ്തികയിൽ പാർട്ട് ടൈമോ ഫുൾ ടൈമോ ആയി മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 34 | പാർട്ട് ടൈം റോഡ് സ്വീപ്പർ | **നേരിട്ടുള്ള നിയമനം** | അവശ്യയോഗ്യത<br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് |
| 35 | ഫുൾ ടൈം കൊതുകു നിവാരണക്കാർ | ശുചീകരണ തൊഴിലാളി കേഡറിലെ പാർട്ട് ടൈം ജീവനക്കാരിലെ യോഗ്യരായവരിൽ നിന്നും **പ്രമോഷൻ വഴി നിയമനം**<br><br>കേഡറിലെ പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുള്ള നിയമനം** | അവശ്യയോഗ്യത<br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br><br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്<br><br>പ്രവൃത്തി പരിചയം<br><br>പ്രമോഷൻ<br>3. ശുചീകരണ തൊഴിലാളി കേഡറിലുൾപ്പെട്ട ഏതെങ്കിലും തസ്തികയിൽ പാർട്ട് ടൈം ജീവനക്കാരായി മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം<br><br>നേരിട്ടുള്ള നിയമനം<br>4. ഒരു അംഗീകൃത സ്ഥാപനത്തിൽ ശുചീകരണ തൊഴി |

| ക്രമ നമ്പർ | കാറ്റഗറി | നിയമന രീതി | ആവശ്യമുളള യോഗ്യതകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| | | | ലാളി കേഡറിലുൾപ്പെട്ട ഏതെങ്കിലും തസ്തികയിൽ പാർട്ട് ടൈമോ ഫുൾ ടൈമോ ആയി മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 36 | പാർട്ട് ടൈം കൊതുകു നിവാരണക്കാർ | **നേരിട്ടുളള നിയമനം** | <u>അവശ്യയോഗ്യത</u><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് |
| കുറിപ്പ് 1 - ശുചീകരണ തൊഴിലാളി കേഡറിൽ ഉൾപ്പെട്ട ഒരേ യോഗ്യത ആവശ്യമുള്ള കാറ്റഗറി തസ്തികകൾക്കായി പൊതുസെലക്ഷൻ നടത്തേണ്ടതും അപ്രകാരം തയ്യാറാക്കുന്ന പൊതു സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവുള്ള കാറ്റഗറി തസ്തികകളിലേക്ക് നിയമനം നടത്തേണ്ടതുമാണ്. ഈ തസ്തികകളെ പരസ്പരം മാറ്റി നിയമിക്കാവുന്ന തസ്തികകളായി കരുതേണ്ടതും കോമൺ സീനിയോറിറ്റി ലിസ്റ്റ് പരിപാലിക്കേണ്ടതുമാണ്.<br><br>* കുറിപ്പ് 2 - ഫുൾ ടൈം സ്വീപ്പർ തസ്തിക അനുവദിക്കുന്നതിന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള സ്വീപ്പിംഗ് ഏരിയ ഉണ്ടായിരിക്കണം<br><br>** കുറിപ്പ് 3 - നിലവിലുള്ള സ്കാവഞ്ചർ തസ്തിക "ശുചിമുറി പരിപാലകർ" എന്ന് പുനർനാമകരണം ചെയ്തിരിക്കുന്നു. | | | |
| **കേഡർ സി. പലവക തൊഴിലാളി കേഡർ (Miscellaneous Workers Cadre)** | | | |
| 37 | ഫുൾ ടൈം പൂവർ ഹോം വാർഡൻ | കാറ്റഗറി 38 ലെ പാർട്ട് ടൈം വാർഡൻ തസ്തികയിലെ യോഗ്യരായവരിൽ നിന്നും **പ്രമോഷൻ വഴി നിയമനം**<br><br>കാറ്റഗറി 38 ൽ പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുളള നിയമനം** | <u>അവശ്യയോഗ്യത</u><br>1. എസ്.എസ്. എൽ.സി. പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്<br><br><u>പ്രവൃത്തി പരിചയം</u><br><br><u>പ്രമോഷൻ</u><br>3. പാർട്ട് ടൈം പൂവർ ഹോം വാർഡൻ തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |

| ക്രമ നമ്പർ | കാറ്റഗറി | നിയമന രീതി | ആവശ്യമുളള യോഗ്യതകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| | | | നേരിട്ടുള്ള നിയമനം<br>4. പാർട്ട് ടൈം /ഫുൾ ടൈം പൂവർ ഹോം വാർഡൻ തസ്തികയിലുള്ള തൊഴിൽ പരിചയം അഭികാമ്യമായിരിക്കും. |
| 38 | പാർട്ട് ടൈം പൂവർ ഹോം വാർഡൻ | **നേരിട്ടുള്ള നിയമനം** | അവശ്യയോഗ്യത<br>1. എസ്.എസ്. എൽ.സി. പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്<br>അഭികാമ്യം<br>പാർട്ട് ടൈം/ഫുൾ ടൈം വാർഡൻ തസ്തികയിൽ തൊഴിൽ പരിചയം |
| 39 | ഫുൾ ടൈം പൂവർ ഹോം ജീവനക്കാർ | കാറ്റഗറി 40 ലെ പാർട്ട് ടൈം പൂവർഹോം ജീവനക്കാർ തസ്തികയിലെ യോഗ്യരായവരിൽ നിന്നും **പ്രമോഷൻ വഴി നിയമനം**<br>കാറ്റഗറി 40 ൽ പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുളള നിയമനം** | അവശ്യയോഗ്യത<br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്<br>പ്രവൃത്തി പരിചയം<br>പ്രവൃത്തി പരിചയം<br>പ്രമോഷൻ<br>3. പാർട്ട് ടൈം പൂവർ ഹോം ജീവനക്കാർ തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം<br>നേരിട്ടുള്ള നിയമനം<br>4. പാർട്ട് ടൈം /ഫുൾ ടൈം പൂവർ ഹോം ജീവനക്കാർ തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 40 | പാർട്ട് ടൈം | **നേരിട്ടുളള നിയമനം** | അവശ്യയോഗ്യത |

| ക്രമ നമ്പർ | കാറ്റഗറി | നിയമന രീതി | ആവശ്യമുള്ള യോഗ്യതകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| | പൂവർ ഹോം ജീവനക്കാർ | | 1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്<br><br><u>അഭികാമ്യം</u><br><br>പാർട്ട് ടൈം/ഫുൾ ടൈം ഹോസ്റ്റൽ ജീവനക്കാർ തസ്തികയിൽ തൊഴിൽ പരിചയം |
| 41 | ഫുൾ ടൈം ആയ | കാറ്റഗറി 42 ലെ പാർട്ട് ടൈം ആയ തസ്തികയിലെ യോഗ്യരായവരിൽ നിന്നും **പ്രമോഷൻ വഴി നിയമനം**<br><br>കാറ്റഗറി 42 ൽ പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുള്ള നിയമനം** | <u>അവശ്യയോഗ്യത</u><br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമത യുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്<br><br><u>പ്രവൃത്തി പരിചയം</u><br><br><u>പ്രമോഷൻ</u><br>3. പാർട്ട് ടൈം ആയ തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം<br><br><u>നേരിട്ടുള്ള നിയമനം</u><br>4. പാർട്ട് ടൈം /ഫുൾ ടൈം ആയ തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 42 | പാർട്ട് ടൈം ആയ | **നേരിട്ടുള്ള നിയമനം** | <u>അവശ്യയോഗ്യത</u><br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br><br>2. ആവശ്യമായ ശാരീരിക ക്ഷമ തയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് |
| 43 | ഫുൾ ടൈം പലവക തൊഴിലാളികൾ | പലവക തൊഴിലാളി കേഡ റിലെ കാറ്റഗറി 38, 40, 42 ഒഴി കെയുള്ള പാർട്ട് ടൈം തസ്തികകളിലെ | <u>അവശ്യയോഗ്യത</u><br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ |

| ക്രമ നമ്പർ | കാറ്റഗറി | നിയമന രീതി | ആവശ്യമുള്ള യോഗ്യതകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| | | യോഗ്യരായവരിൽ നിന്നും **പ്രമോഷൻ വഴി നിയമനം**<br><br>പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുള്ള നിയമനം** | പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്<br><br><u>പ്രവൃത്തി പരിചയം</u><br><br><u>പ്രമോഷൻ</u><br>3. പലവക തൊഴിലാളി കേഡറിലെ കാറ്റഗറി 38, 40, 42 ഒഴികെയുള്ള ഏതെങ്കിലും പാർട്ട് ടൈം തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം<br><br><u>നേരിട്ടുള്ള നിയമനം</u><br>4. ഒരു അംഗീകൃത സ്ഥാപനത്തിൽ പലവക തൊഴിലാളി കേഡറിലെ കാറ്റഗറി 38, 40, 42 ഒഴികെയുള്ള ഏതെങ്കിലും തസ്തികയിൽ പാർട്ട് ടൈമോ ഫുൾ ടൈമോ ആയി മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 44 | പാർട്ട് ടൈം പലവക തൊഴിലാളികൾ | **നേരിട്ടുള്ള നിയമനം** | <u>അവശ്യയോഗ്യത</u><br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് |
| 45 | ഫുൾ ടൈം നൈറ്റ് വാച്ച്മാൻ | പലവക തൊഴിലാളി കേഡറിലെ കാറ്റഗറി 38, 40, 42 ഒഴികെയുള്ള പാർട്ട് ടൈം തസ്തികകളിലെ യോഗ്യരായവരിൽ നിന്നും **പ്രമോഷൻ വഴി നിയമനം**<br><br>പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുള്ള നിയമനം** | <u>അവശ്യയോഗ്യത</u><br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്<br><br><u>പ്രവൃത്തി പരിചയം</u><br><br><u>പ്രമോഷൻ</u><br>3. പലവക തൊഴിലാളി കേഡറിലെ കാറ്റഗറി 38, 40, 42 ഒഴികെയുള്ള ഏതെങ്കിലും പാർട്ട് ടൈം തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത |

| ക്രമ നമ്പർ | കാറ്റഗറി | നിയമന രീതി | ആവശ്യമുള്ള യോഗ്യതകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| | | | തൊഴിൽ പരിചയം<br><br>നേരിട്ടുള്ള നിയമനം<br>4. ഒരു അംഗീകൃത സ്ഥാപന ത്തിൽ പലവക തൊഴിലാളി കേഡറിലെ കാറ്റഗറി 38, 40, 42 ഒഴികെയുള്ള ഏതെങ്കിലും തസ്തികയിൽ പാർട്ട് ടൈമോ ഫുൾ ടൈമോ ആയി മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 46 | പാർട്ട് ടൈം നൈറ്റ് വാച്ച്മാൻ | **നേരിട്ടുള്ള നിയമനം** | അവശ്യയോഗ്യത<br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമത യുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് |
| 47 | ഫുൾ ടൈം പൗണ്ട് കീപ്പർ | പലവക തൊഴിലാളി കേഡ റിലെ കാറ്റഗറി 38, 40, 42 ഒഴി കെയുള്ള പാർട്ട് ടൈം തസ്തികകളിലെ യോഗ്യരായവരിൽ നിന്നും **പ്രമോഷൻ വഴി നിയമനം**<br><br>പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുള്ള നിയമനം** | അവശ്യയോഗ്യത<br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമത യുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്<br><br>പ്രവൃത്തി പരിചയം<br><br>പ്രമോഷൻ<br>3. പലവക തൊഴിലാളി കേഡ റിലെ കാറ്റഗറി 38, 40, 42 ഒഴി കെയുള്ള ഏതെങ്കിലും പാർട്ട് ടൈം തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം<br><br>നേരിട്ടുള്ള നിയമനം<br>4. ഒരു അംഗീകൃത സ്ഥാപന ത്തിൽ പലവക തൊഴിലാളി കേഡറിലെ കാറ്റഗറി 38, 40, 42 ഒഴികെയുള്ള ഏതെങ്കിലും തസ്തികയിൽ പാർട്ട് ടൈമോ ഫുൾ ടൈമോ ആയി മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 48 | പാർട്ട് ടൈം | **നേരിട്ടുള്ള നിയമനം** | അവശ്യയോഗ്യത |

| ക്രമ നമ്പർ | കാറ്റഗറി | നിയമന രീതി | ആവശ്യമുള്ള യോഗ്യതകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| | പൗണ്ട് കീപ്പർ | | 1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമത യുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് |
| 49 | ഫുൾ ടൈം സ്ലൂയിസ് വാച്ചർ | പലവക തൊഴിലാളി കേഡറിലെ കാറ്റഗറി 38, 40, 42 ഒഴികെയുള്ള പാർട്ട് ടൈം തസ്തികകളിലെ യോഗ്യരായവരിൽ നിന്നും **പ്രമോഷൻ വഴി നിയമനം**<br><br>പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുള്ള നിയമനം** | <u>അവശ്യയോഗ്യത</u><br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്<br><br><u>പ്രവൃത്തി പരിചയം</u><br><br><u>പ്രമോഷൻ</u><br>3. പലവക തൊഴിലാളി കേഡറിലെ കാറ്റഗറി 38, 40, 42 ഒഴികെയുള്ള ഏതെങ്കിലും പാർട്ട് ടൈം തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം<br><br><u>നേരിട്ടുള്ള നിയമനം</u><br>4. ഒരു അംഗീകൃത സ്ഥാപനത്തിൽ പലവക തൊഴിലാളി കേഡറിലെ കാറ്റഗറി 38, 40, 42 ഒഴികെയുള്ള ഏതെങ്കിലും തസ്തികയിൽ പാർട്ട് ടൈമോ ഫുൾ ടൈമോ ആയി മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 50 | പാർട്ട് ടൈം സ്ലൂയിസ് വാച്ചർ | **നേരിട്ടുള്ള നിയമനം** | <u>അവശ്യയോഗ്യത</u><br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് |
| 51 | ഫുൾ ടൈം ഗാർബേജ് ലോറി ജീവനക്കാർ | പലവക തൊഴിലാളി കേഡറിലെ കാറ്റഗറി 38, 40, 42 ഒഴികെയുള്ള പാർട്ട് ടൈം തസ്തികകളിലെ യോഗ്യരായവരിൽ നിന്നും **പ്രമോഷൻ വഴി നിയമനം** | <u>അവശ്യയോഗ്യത</u><br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക |

| ക്രമ നമ്പർ | കാറ്റഗറി | നിയമന രീതി | ആവശ്യമുള്ള യോഗ്യതകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| | | പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുള്ള നിയമനം** | ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്<br><br><u>പ്രവൃത്തി പരിചയം</u><br><br><u>പ്രമോഷൻ</u><br>3. പലവക തൊഴിലാളി കേഡറിലെ കാറ്റഗറി 38, 40, 42 ഒഴികെയുള്ള ഏതെങ്കിലും പാർട്ട് ടൈം തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം<br><br><u>നേരിട്ടുള്ള നിയമനം</u><br>4. ഒരു അംഗീകൃത സ്ഥാപനത്തിൽ പലവക തൊഴിലാളി കേഡറിലെ കാറ്റഗറി 38, 40, 42 ഒഴികെയുള്ള ഏതെങ്കിലും തസ്തികയിൽ പാർട്ട് ടൈമോ ഫുൾ ടൈമോ ആയി മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 52 | പാർട്ട് ടൈം ഗാർബേജ് ലോറി ജീവനക്കാർ | **നേരിട്ടുള്ള നിയമനം** | <u>അവശ്യയോഗ്യത</u><br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് |
| 53 | ഫുൾ ടൈം വാട്ടർ ലോറി ജീവനക്കാർ | പലവക തൊഴിലാളി കേഡറിലെ കാറ്റഗറി 38, 40, 42 ഒഴികെയുള്ള പാർട്ട് ടൈം തസ്തികകളിലെ യോഗ്യരായവരിൽ നിന്നും **പ്രമോഷൻ വഴി നിയമനം**<br><br>പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുള്ള നിയമനം** | <u>അവശ്യയോഗ്യത</u><br><br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്<br><br><u>പ്രവൃത്തി പരിചയം</u><br><br><u>പ്രമോഷൻ</u><br>3. പലവക തൊഴിലാളി കേഡറിലെ കാറ്റഗറി 38, 40, 42 ഒഴികെയുള്ള ഏതെങ്കിലും പാർട്ട് ടൈം തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |

| ക്രമ നമ്പർ | കാറ്റഗറി | നിയമന രീതി | ആവശ്യമുള്ള യോഗ്യതകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| | | | നേരിട്ടുള്ള നിയമനം<br>4. ഒരു അംഗീകൃത സ്ഥാപന ത്തിൽ പലവക തൊഴിലാളി കേഡറിലെ കാറ്റഗറി 38, 40, 42 ഒഴികെയുള്ള ഏതെങ്കിലും തസ്തികയിൽ പാർട്ട് ടൈമോ ഫുൾ ടൈമോ ആയി മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 54 | പാർട്ട് ടൈം വാട്ടർ ലോറി ജീവനക്കാർ | **നേരിട്ടുള്ള നിയമനം** | അവശ്യയോഗ്യത<br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് |
| 55 | ഫുൾ ടൈം സ്ലോട്ടർ ഹൗസ്സ് ജീവനക്കാർ | പലവക തൊഴിലാളി കേഡറിലെ കാറ്റഗറി 38, 40, 42 ഒഴികെയുള്ള പാർട്ട് ടൈം തസ്തികകളിലെ യോഗ്യരായവരിൽ നിന്നും **പ്രമോഷൻ വഴി നിയമനം**<br><br>പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുള്ള നിയമനം** | അവശ്യയോഗ്യത<br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്<br><br>പ്രവൃത്തി പരിചയം<br><br>പ്രമോഷൻ<br>3. പലവക തൊഴിലാളി കേഡറിലെ കാറ്റഗറി 38, 40, 42 ഒഴികെയുള്ള ഏതെങ്കിലും പാർട്ട് ടൈം തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം<br><br>നേരിട്ടുള്ള നിയമനം<br>4. ഒരു അംഗീകൃത സ്ഥാപന ത്തിൽ പലവക തൊഴിലാളി കേഡറിലെ കാറ്റഗറി 38, 40, 42 ഒഴികെയുള്ള ഏതെങ്കിലും തസ്തികയിൽ പാർട്ട് ടൈമോ ഫുൾ ടൈമോ ആയി മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 56 | പാർട്ട് ടൈം സ്ലോട്ടർ ഹൗസ്സ് ജീവനക്കാർ | **നേരിട്ടുള്ള നിയമനം** | അവശ്യയോഗ്യത<br>1. ഏഴാം ക്ലാസ് പരീക്ഷയോ |

| ക്രമ നമ്പർ | കാറ്റഗറി | നിയമന രീതി | ആവശ്യമുള്ള യോഗ്യതകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| | | | തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് |
| 57 | ഫുൾ ടൈം ഹെൽപ്പർ | പലവക തൊഴിലാളി കേഡറിലെ കാറ്റഗറി 38, 40, 42 ഒഴികെയുള്ള പാർട്ട് ടൈം തസ്തികകളിലെ യോഗ്യരായവരിൽ നിന്നും **പ്രമോഷൻ വഴി നിയമനം**<br><br>പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുള്ള നിയമനം** | അവശ്യയോഗ്യത<br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്<br><br>പ്രവൃത്തി പരിചയം<br><br>പ്രമോഷൻ<br>3. പലവക തൊഴിലാളി കേഡറിലെ കാറ്റഗറി 38, 40, 42 ഒഴികെയുള്ള ഏതെങ്കിലും പാർട്ട് ടൈം തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം<br><br>നേരിട്ടുള്ള നിയമനം<br>4. ഒരു അംഗീകൃത സ്ഥാപനത്തിൽ പലവക തൊഴിലാളി കേഡറിലെ കാറ്റഗറി 38, 40, 42 ഒഴികെയുള്ള ഏതെങ്കിലും തസ്തികയിൽ പാർട്ട് ടൈമോ ഫുൾ ടൈമോ ആയി മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 58 | പാർട്ട് ടൈം ഹെൽപ്പർ | **നേരിട്ടുള്ള നിയമനം** | അവശ്യയോഗ്യത<br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് |
| 59 | ഫുൾ ടൈം ഗാർഡനർ | പലവക തൊഴിലാളി കേഡറിലെ കാറ്റഗറി 38, 40, 42 ഒഴികെയുള്ള പാർട്ട് ടൈം തസ്തികകളിലെ യോഗ്യരായവരിൽ നിന്നും **പ്രമോഷൻ വഴി നിയമനം** | അവശ്യയോഗ്യത<br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ |

| ക്രമ നമ്പർ | കാറ്റഗറി | നിയമന രീതി | ആവശ്യമുള്ള യോഗ്യതകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| | | പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുള്ള നിയമനം** | സർട്ടിഫിക്കറ്റ്<br><br>പ്രവൃത്തി പരിചയം<br><br>പ്രമോഷൻ<br>3. പലവക തൊഴിലാളി കേഡറിലെ കാറ്റഗറി 38, 40, 42 ഒഴികെയുള്ള ഏതെങ്കിലും പാർട്ട് ടൈം തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം<br><br>നേരിട്ടുള്ള നിയമനം<br>4. ഒരു അംഗീകൃത സ്ഥാപനത്തിൽ പലവക തൊഴിലാളി കേഡറിലെ കാറ്റഗറി 38, 40, 42 ഒഴികെ ഏതെങ്കിലും തസ്തികയിലുള്ള തൊഴിൽ പരിചയം അഭികാമ്യമായിരിക്കും. |
| 60 | പാർട്ട് ടൈം ഗാർഡനർ | **നേരിട്ടുള്ള നിയമനം** | അവശ്യയോഗ്യത<br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് |
| 61 | ഫുൾടൈം NMR വർക്കർ | പലവക തൊഴിലാളി കേഡറിലെ കാറ്റഗറി 38, 40, 42 ഒഴികെയുള്ള പാർട്ട് ടൈം തസ്തികകളിലെ യോഗ്യരായവരിൽ നിന്നും **പ്രമോഷൻ വഴി നിയമനം**<br><br>പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുള്ള നിയമനം** | അവശ്യയോഗ്യത<br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമതയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്<br><br>പ്രവൃത്തി പരിചയം<br><br>പ്രമോഷൻ<br>3. പലവക തൊഴിലാളി കേഡറിലെ കാറ്റഗറി 38, 40, 42 ഒഴികെയുള്ള ഏതെങ്കിലും പാർട്ട് ടൈം തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം<br><br>നേരിട്ടുള്ള നിയമനം<br>4. ഒരു അംഗീകൃത സ്ഥാപനത്തിൽ പലവക തൊഴിലാളി |

| ക്രമ നമ്പർ | കാറ്റഗറി | നിയമന രീതി | ആവശ്യമുള്ള യോഗ്യതകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| | | | കേഡറിലെ കാറ്റഗറി 38, 40, 42 ഒഴികെയുള്ള ഏതെങ്കിലും തസ്തികയിൽ പാർട്ട് ടൈമോ ഫുൾ ടൈമോ ആയി മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 62 | പാർട്ട് ടൈം NMR വർക്കർ | **നേരിട്ടുള്ള നിയമനം** | അവശ്യയോഗ്യത<br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമ തയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് |
| 63 | ഫുൾ ടൈം ജെസിബി ക്ലീനർ | പലവക തൊഴിലാളി കേഡറിലെ കാറ്റഗറി 38, 40, 42 ഒഴികെയുള്ള പാർട്ട് ടൈം തസ്തികകളിലെ യോഗ്യരായവരിൽ നിന്നും **പ്രമോഷൻ വഴി നിയമനം**<br><br>പ്രമോഷനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം **നേരിട്ടുള്ള നിയമനം** | അവശ്യയോഗ്യത<br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br>2. ആവശ്യമായ ശാരീരിക ക്ഷമ തയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്<br><br>പ്രവൃത്തി പരിചയം<br><br>പ്രമോഷൻ<br>3. പലവക തൊഴിലാളി കേഡറിലെ കാറ്റഗറി 38, 40, 42 ഒഴികെയുള്ള ഏതെങ്കിലും പാർട്ട് ടൈം തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം<br><br>നേരിട്ടുള്ള നിയമനം<br>3. 4. ഒരു അംഗീകൃത സ്ഥാപനത്തിൽ പലവക തൊഴിലാളി കേഡറിലെ കാറ്റഗറി 38, 40, 42 ഒഴികെയുള്ള ഏതെങ്കിലും തസ്തികയിൽ പാർട്ട് ടൈമോ ഫുൾ ടൈമോ ആയി മൂന്ന് വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം |
| 64 | പാർട്ട് ടൈം ജെസിബി ക്ലീനർ | **നേരിട്ടുള്ള നിയമനം** | അവശ്യയോഗ്യത<br>1. ഏഴാം ക്ലാസ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം<br><br>2. ആവശ്യമായ ശാരീരിക ക്ഷമ |

| ക്രമ നമ്പർ | കാറ്റഗറി | നിയമന രീതി | ആവശ്യമുളള യോഗ്യതകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| | | | തയുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് |

കുറിപ്പ് 1 - പലവക താഴിലാളി കേഡറിൽ ഉൾപ്പെട്ട ഒരേ യോഗ്യത ആവശ്യമുള്ള കാറ്റഗറി തസ്തികകൾക്കായി പൊതു സെലക്ഷൻ നടത്തേണ്ടതും അപ്രകാരം തയ്യാറാക്കുന്ന പൊതുലിസ്റ്റിൽ നിന്നും ഒഴിവുള്ള കാറ്റഗറി തസ്തികകളിലേക്ക് നിയമനം നടത്തേണ്ടതുമാണ്. ഈ തസ്തികകളെ പരസ്പരം മാറ്റി നിയമിക്കാവുന്ന തസ്തികകളായി കരുതേണ്ടതും കോമൺ സീനിയോറിറ്റി ലിസ്റ്റ് പരിപാലിക്കേണ്ടതുമാണ്.

കുറിപ്പ് 2 - മേൽ പരാമർശിച്ചിരിക്കുന്ന കാറ്റഗറികളിൽ പെട്ട തസ്തികകളിൽ, സർക്കാർ അനുമതിയോടെ സൃഷ്ടിച്ചിട്ടില്ലാത്ത തസ്തികകളിലും, വാനിഷിംഗ് കാറ്റഗറിയിൽ ഉൾപ്പെടുത്തി ഒഴിവാക്കണമെന്നു സർക്കാർ ഉത്തരവായിട്ടുള്ള തസ്തികകളിലും സ്ഥാനക്കയറ്റത്തിലൂടെയോ നേരിട്ടോ നിയമനം നടത്താൻ പാടുള്ളതല്ല. (സർക്കാർ ഉത്തരവ് നം. സ.ഉ. (കൈ) നം.277/2022/എൽ.എസ്.ജി.ഡി. തീയതി 22.12.2022)

കുറിപ്പ് 3 - മേൽ പരാമർശിച്ചിരിക്കുന്ന തസ്തികകളിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ ഉൾപ്പെട്ട തസ്തികകളിലേക്കുള്ള നിയമനം കഴിവതും ആ ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ചു നടത്താവുന്നതാണ്.

4.2 കേരള തദ്ദേശ സ്വയംഭരണ വകുപ്പ് കണ്ടിജന്റ് സർവ്വീസിലെ പ്രവേശന കേഡർ തസ്തികകളിലെ (Entry Cadre Post) നിയമനത്തിനായുള്ള തെരഞ്ഞെടുപ്പ്, കേരള സർക്കാർ തീരുമാനിക്കുന്ന രീതിയിൽ നടത്തുന്നതാണ്.

4.3 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ വിഭാഗങ്ങളിലേക്കുള്ള കണ്ടിജന്റ് ജീവനക്കാരുടെ നേരിട്ടുള്ള നിയമനം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭിക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ട അനുയോജ്യരായവരിൽ നിന്നും നടത്തേണ്ടതാണ്.

4.4 ഈ ചട്ടം ജോലിയിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ബന്ധുക്കളുടെയോ ആശ്രിതരുടെയോ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിന് ബാധകമായിരിക്കുന്നതല്ല.

4.5 സർവ്വീസിൽ ഉൾപ്പെട്ട ജീവനക്കാരെ, സർവ്വീസിലെ ഏതെങ്കിലും തസ്തികയിൽ നേരിട്ടുള്ള നിയമനം നടത്തുന്ന അവസരത്തിൽ മറ്റ് ഉദ്യോഗാർത്ഥികൾക്കൊപ്പം പരിഗണിക്കുന്നതും, അവർ തിരഞ്ഞെടുക്കപ്പെട്ടാൽ പൊതു റാങ്ക്ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതുമാണ്.

4.6 നിലവിലുള്ള ജീവനക്കാർ നേരിട്ടു നിയമനം നടത്തുന്ന ഏതെങ്കിലും തസ്തികകളിലേക്ക് തിരഞ്ഞെടുക്കപ്പെട്ടാൽ അവർ ജോലിചെയ്യുന്ന തസ്തികയിൽ നിന്നും

രാജിവച്ച് പുതിയ തസ്തിക സ്വീകരിക്കേണ്ടതാണ്. അപ്രകാരം ജോലിയിൽ പ്രവേശിക്കുന്നവരെ ആ തസ്തികയിൽ പുതിയതായി നിയമിക്കപ്പെട്ടവരായി പരിഗണിക്കുന്നതാണ്.

4.7 കേരള തദ്ദേശ സ്വയംഭരണ വകുപ്പ് കണ്ടിജന്റ് സർവ്വീസിലെ റെഗുലർ കാറ്റഗറി തസ്തികകളിൽ താൽക്കാലികമായി വരുന്ന ഒഴിവുകൾ ആവശ്യമെന്നു കണ്ടാൽ നിയമനാധികാരിക്ക് KS & SSR ചട്ടം 9-ലെ വ്യവസ്ഥ അനുസരിച്ച് നികത്താവുന്നതാണ്.

4.8 കേരള തദ്ദേശ സ്വയംഭരണ വകുപ്പ് കണ്ടിജന്റ് കാറ്റഗറികളിൽപ്പെട്ട തസ്തികകളിലേക്ക് നേരിട്ടുളള നിയമനത്തിന് ആ തസ്തികയിലെ ജോലി ചെയ്യുന്നതിന് ആവശ്യമായ ശാരീരിക മാനസിക ക്ഷമത ഉണ്ടായിരിക്കണം. തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥിയുടെ സ്വഭാവവും മുൻകാല ചെയ്തികളും (Character and Antecedents) ആ തസ്തികയിലെ സേവനം നിർവഹിക്കുന്നതിന് അനുയോജ്യമായിരിക്കണം.

4.9 ആദ്യ നിയമനവേളയിൽ ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗാർത്ഥി ഉചിതമായ അധികാരിയിൽ നിന്നും ലഭിച്ച സ്വഭാവ സർട്ടിഫിക്കറ്റും, സർക്കാർ സർവ്വീസിലെ സിവിൽ സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകിയ മെഡിക്കൽ ഫിറ്റ്നെസ് സർട്ടിഫിക്കറ്റും, തന്റെയും കുടുംബാംഗങ്ങളുടെയും സ്വത്തു വിവരവും സമർപ്പിക്കേണ്ടതാണ്.

കുറിപ്പ് 1: വിവിധ വിഭാഗങ്ങളിലേക്കുള്ള നിയമനങ്ങളിൽ ശാരീരിക വെല്ലുവിളി നേരിടുന്നവർക്കായി സർക്കാർ അനുവദിച്ചിട്ടുള്ള സംവരണം കണ്ടിജന്റ് ജീവന ക്കാർക്കും ബാധകമായിരിക്കുന്നതാണ്. എന്നാൽ പ്രത്യേക തസ്തികയ്ക്ക് അനുബന്ധമായ ചുമതലകൾ അത്തരത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ആളാൽ നിർവ്വഹിക്കപ്പെടാവുന്നതാണെന്നു നിയമനാധികാരി സ്വയം ബോധ്യപ്പെടേണ്ടതാണ്.

കുറിപ്പ് 2: വാച്ചർ, വാച്ച്മാൻ, നൈറ്റ് വാച്ചർ എന്നീ തസ്തികകളോട് അനുബന്ധിച്ചുള്ള ചുമതലകളുടെയും ഉത്തരവാദിത്തങ്ങളുടെയും പ്രത്യേക സ്വഭാവവും കാഠിന്യവും പരിഗണിച്ചു ഈ ചട്ടത്തിൻ കീഴിൽ അങ്ങനെയുള്ള തസ്തികകളിൽ പുരുഷന്മാരായ ഉദ്യോഗാർത്ഥികൾ മാത്രം അർഹരായിരിക്കുന്നതാണ്. അതേ സമയം, വനിതകൾ മാത്രമുള്ള പുവർ ഹോമുക ളിൽ വാർഡൻ തസ്തികയിലേക്ക് വനിതകളെ മാത്രം നിയമിക്കേണ്ടതാണ്.

5. **സമാശ്വാസ തൊഴിൽദാന പദ്ധതി വഴിയുള്ള നിയമനം**

5.1 സർക്കാർ സർവ്വീസിൽ സേവനത്തിലിരിക്കെ മരണമടയുന്ന കണ്ടിജന്റ് ജീവനക്കാരുടെ ആശ്രിതർക്കോ ബന്ധുക്കൾക്കോ ഉള്ള സമാശ്വാസ തൊഴിൽദാന പദ്ധതി കേരള തദ്ദേശ സ്വയംഭരണ വകുപ്പ് കണ്ടിജന്റ് സർവ്വീസിലെ ജീവനക്കാർക്കും ബാധകമായിരിക്കുന്നതാണ്.

5.2 സർക്കാർ ഇത് സംബന്ധിച്ച് കാലാകാലങ്ങളിൽ കേരള സർക്കാർ കണ്ടിജന്റ് ജീവനക്കാർക്കായി പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ വ്യവസ്ഥകൾ തദ്ദേശ സ്വയം ഭരണ വകുപ്പ് കണ്ടിജന്റ് ജീവനക്കാർക്കും അതേപടി ബാധകമായിരിക്കുന്നതാണ്.

6. **നിയമനാധികാരി (Appointing Authority)**

6.1 കേരള തദ്ദേശ സ്വയംഭരണ വകുപ്പിലെ കണ്ടിജന്റ് തസ്തികകളുടെ നിയമനാധികാരി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ആയിരിക്കുന്നതാണ്.

6.2 പ്രിൻസിപ്പൽ ഡയറക്ടർക്കു തദ്ദേശ സ്വയംഭരണ വകുപ്പ് കണ്ടിജന്റ് തസ്തികകളുടെ നിയമനാധികാരം സർക്കാർ അനുമതിയോടെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും അനുബന്ധ സ്ഥാപനങ്ങളിലെയും അദ്ദേഹത്തിന്റെ അധീനതയിലുള്ള ഉചിതനായ ഉദ്യോഗസ്ഥന് വിന്യസിച്ചു നൽകാവുന്നതാണ്.

6.3 തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ചുമതലപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ തദ്ദേശ സ്വയം ഭരണവകുപ്പ് കണ്ടിജന്റ് തസ്തികകളിലേക്കുള്ള നിയമനം നടത്തുന്നത് ബന്ധപ്പെട്ട ഭരണ സമിതിയുടെ അംഗീകാരത്തോടെ ആയിരിക്കേണ്ടതാണ്.

7. **നിയമനങ്ങളിലെ സംവരണ വ്യവസ്ഥ (Reservation in Appointment)**

7.1 കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് (ജനറൽ റൂൾസ് 14 മുതൽ 17 വരെ) പ്രകാരമുള്ള സംവരണ ചട്ടങ്ങൾ, സർക്കാർ അതാത് കാലം വരുത്തുന്ന ഭേദഗതികൾ സഹിതം കേരള തദ്ദേശ സ്വയംഭരണ വകുപ്പ് കണ്ടിജന്റ് പ്രവേശന തസ്തികകളിലെ നിയമനങ്ങൾക്കും ബാധകമായിരിക്കുന്നതാണ്.

8. **വിദ്യാഭ്യാസ യോഗ്യതകൾ (Educational Qualifications)**

8.1 പട്ടിക II, കോളം 2-ൽ പരാമർശിക്കുന്ന കാറ്റഗറി തസ്തികകളിൽ കോളം 3-ൽ പറയുന്ന രീതിയിലുള്ള നിയമനത്തിന്, കോളം 4-ൽ നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്.

8.2 ബിരുദ തലത്തിലോ ബിരുദാനന്തര തലത്തിലോ ഉള്ള യോഗ്യതകൾ ആർജിച്ചവരെ കേരള തദ്ദേശ സ്വയംഭരണ വകുപ്പ് കണ്ടിജന്റ് തസ്തികകളുടെ നിയമനത്തിൽ പരിഗണിക്കാവുന്നതല്ല.

9. **പ്രായം സംബന്ധിച്ച യോഗ്യത (Age)**

9.1 നിയമനം 18 - നും 35- നും മദ്ധ്യേ പ്രായമുള്ളവർക്കായിരിക്കുന്നതാണ്. നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്ന വർഷത്തിലെ ജനുവരി ഒന്നാം തീയതിക്ക് പതിനെട്ടു വയസ്സ് പൂർത്തിയാകാതിരിക്കുകയോ, പൂർത്തിയാകാതിരിക്കാൻ ഇടയാവുകയോ ചെയ്യുന്ന ഏതൊരാൾക്കും, പട്ടിക ജാതി/പട്ടികവർഗക്കാർക്കു അഞ്ചു വർഷത്തെയും, മറ്റു പിന്നോക്ക സമുദായക്കാർക്കു മൂന്ന് വർഷത്തെയും ഇളവിന് വിധേയമായി മുപ്പത്തി അഞ്ചു വയസ്സ് പൂർത്തിയാകുകയോ പൂർത്തിയാകാൻ ഇടയാവുകയോ ചെയ്യുന്ന ഏതൊരാൾക്കും ഈ സർവ്വീസിലെ ഏതെങ്കിലും തസ്തികയിൽ നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

9.2 എന്നാൽ ഏറ്റവും ഉയർന്ന പ്രായപരിധി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ തങ്ങളുടെ പേരുകൾ രജിസ്റ്റർ ചെയ്ത സമയത്തു പ്രായ പരിധിക്കകത്തായിരിക്കുകയും മേൽപറഞ്ഞ തീയതിക്ക് ലൈവ് രജിസ്റ്ററിൽ രജിസ്ട്രേഷൻ കൊണ്ടോ അതിന്റെ പുതുക്കൽ കൊണ്ടോ പേര് നിലനിൽകുകയും ചെയ്യുന്ന സംഗതിയിൽ ബാധകമാകുന്നതല്ല.

10. **പ്രൊബേഷൻ (Probation)**

10.1 ഏതെങ്കിലും വിഭാഗങ്ങളിലെ കാറ്റഗറിയിൽപ്പെട്ട തസ്തികകളിൽ നിയമിതനാവുന്ന ഏതൊരാളും, തുടർച്ചയായ രണ്ടു വർഷക്കാലത്തിനിടയിൽ, ആകെ ഒരു വർഷത്തെ കൃത്യനിർവ്വഹണ കാലം പ്രൊബേഷനിലായിരിക്കും.

11. **പ്രൊബേഷൻ സസ്പെന്റു ചെയ്യലോ, നിർത്തലാക്കുകയോ (Suspension or termination of probation)**

11.1 നിർദ്ദിഷ്ട പ്രൊബേഷൻ കാലാവധിക്കു മുമ്പുള്ള ഏതു സമയത്തും നിയമനാധികാരിക്ക് -

എ) പ്രൊബേഷനിലിരിക്കുന്ന ആളുടെ പ്രൊബേഷൻ സസ്പെന്റ് ചെയ്യുകയും, ഒഴിവില്ലാത്തതിനാൽ സർവീസിൽ നിന്നും പിരിച്ചുവിടുകയും ചെയ്യാവുന്നതാണ്.

ബി) വിവേചനാനുസൃതമായ ഉത്തരവിനാൽ പ്രൊബേഷനിലിരിക്കുന്ന ആളുടെ പ്രൊബേഷൻ നിർത്തലാക്കുകയും, തന്റെ പേരിൽ എടുക്കാൻ ഉദ്ദേശിക്കുന്ന നടപടിക്കെതിരെ കാരണം കാണിക്കാൻ മതിയായ ഒരവസരം നൽകിയതിനു ശേഷം സർവീസിൽ നിന്നും പിരിച്ചുവിടുകയും ചെയ്യാവുന്നതാണ്.

12. **ഫുൾ മെമ്പർഷിപ്പിനുള്ള പ്രൊബേഷണറുടെ അർഹതാ നിർണയം (Probationer's suitability for full membership)**

12.1 വ്യവസ്ഥ ചെയ്യപ്പെട്ട പ്രൊബേഷൻ കാലാവധിയുടെ അവസാനം ഫുൾ മെമ്പർഷിപ്പിന് പ്രൊബേഷണർ അർഹനാണെന്ന് നിമനാധികാരി കരുതുന്ന പക്ഷം, ആ അധികാരി ഒരു ഉത്തരവിനാൽ പ്രൊബേഷണർ പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയതായി എത്രയും വേഗം പ്രഖ്യാപിക്കണം. അങ്ങനെ ആ ഉത്തരവ് പുറപ്പെടുവിച്ചാൽ പ്രൊബേഷൻ കാലാവധി തീരുന്ന തീയതിക്ക് പ്രൊബേഷണർ തൃപ്തികരമായി പ്രൊബേഷൻ പൂർത്തിയാക്കിയതായി കരുതപ്പെടുന്നതാണ്.

12.2 വ്യവസ്ഥ ചെയ്യപ്പെട്ട പ്രൊബേഷൻ കാലം അവസാനിക്കുമ്പോൾ ഫുൾ മെമ്പർഷിപ്പിന് പ്രൊബേഷണർ യോഗ്യനല്ലെന്ന് നിമനാധികാരി കരുതുന്ന പക്ഷം, തനിക്കെതിരെയെടുക്കപ്പെടുന്ന നടപടിക്കെതിരെ കാരണം കാണിക്കാനുള്ള മതിയായ ഒരവസരം നൽകിയതിനു ശേഷം പ്രൊബേഷണറെ ഉത്തരവിനാൽ സർവ്വീസിൽ നിന്നും നിയമനാധികാരി പിരിച്ചുവിടേണ്ടതാണ്.

13. **പിരിച്ചുവിടലും പുനർനിയമനവും (Discharge and Re employment)**

13.1 ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട പ്രൊബേഷണർമാരും പ്രൊബേഷൻ പൂർത്തിയാക്കിയവരും ഒഴിവുകളുടെ അഭാവത്താൽ പിരിച്ചുവിടപ്പെടുന്നത്, ആദ്യം പ്രൊബേഷണർമാർ ജൂനിയോറിറ്റി മുറയിലും രണ്ടാമത് പ്രൊബേഷൻ പൂർത്തിയായവർ ജൂനിയോറിറ്റി മുറയിലും എന്ന ക്രമത്തിലായിരിക്കും.

13.2 ഒഴിവുകളില്ലാത്തതിനാൽ പിരിച്ചുവിടപ്പെട്ട പ്രൊബേഷണർമാരെയും പ്രൊബേഷൻ പൂർത്തിയായവരെയും ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് പുനർ നിയമിതരാവുന്നത് 13.1 ഖണ്ഡത്തിൽ നിശ്ചയിക്കപ്പെട്ടതിന്റെ വിപരീതമുറയിലായിരിക്കും.

13.3 ഈ ചട്ടത്തിന്റെ ആവശ്യാർത്ഥം ഓരോ നിയമനാധികാരിയുടെയും അധികാര പരിധിയിലുള്ള തസ്തികകൾ ഓരോ പ്രത്യേക യൂണിറ്റായി പരിഗണിക്കപ്പെടാവുന്നതാണ്.

14. **സ്ഥിരലാവണക്കാരായുള്ള നിയമനം (Appointment of Full members)**

14.1 പ്രൊബേഷൻ പൂർത്തിയായവരെ സർവ്വീസിൽ സ്ഥിരലാവണക്കാരായി നിയമിക്കുന്നത് നിയമനാധികാരിയായിരിക്കും.

14.2 നിയമനത്തിനു തെരഞ്ഞെടുക്കുന്ന വിഭാഗത്തിൽ നിലവിലുള്ളതോ പിന്നീട് വരുന്നതോ ആയ ആ വിഭാഗത്തിലെ സ്ഥിര തസ്തികകളിൽ വരുന്ന ഒഴിവുകളിൽ പ്രൊബേഷൻ പൂർത്തിയായ ആൾ കഴിവതും നേരത്തേ വരുന്ന സന്ദർഭത്തിൽ സ്ഥിരമായി നിയമിക്കപ്പെടുന്നതും നിയമന തീയതിയ്ക്ക് മുമ്പുള്ള ഒരു തീയതി മുതൽ ഒഴിവ് നിലവിലിരുന്നെങ്കിൽ അങ്ങനെ നിയമിക്കപ്പെടുന്നത് ആ തീയതി മുതലോ, അയാൾ തുടർച്ചയായി ആ തസ്തികയിലോ, ഉയർന്ന തസ്തികയിലോ സർവീസിലെ മെമ്പർ എന്ന നിലയിൽ ഡ്യൂട്ടിയിൽ ഇരുന്ന പിന്നീടുള്ള ഏതെങ്കിലും തീയതി മുതലോ ഏതിലായാലും മുൻകാല പ്രാബല്യത്തോടെ അങ്ങനെ നിയമിക്കപ്പെടേണ്ടതാണ്.

14.3 എന്നാൽ സ്ഥിര ലാവണക്കാരായി നിയമിക്കപ്പെടുന്നതിന് പ്രൊബേഷൻ പൂർത്തിയാക്കിയവർ ഒന്നിൽ കൂടുതൽ പേർ ഉണ്ടെങ്കിൽ പ്രൊബേഷൻ പൂർത്തിയായ ഏറ്റവും സീനിയറായ ആൾ ഒഴിവുണ്ടാവുന്ന തീയതി മുതൽ അങ്ങനെ നിയമിക്കപ്പെടേണ്ടതാണ്.

15. **സീനിയോറിറ്റി (Seniority)**

15.1 സർവ്വീസിലെ ഏതെങ്കിലും വിഭാഗത്തിലുള്ള ഒരു മെമ്പറുടെ സീനിയോറിറ്റി ആ വിഭാഗത്തിലേക്ക് ആദ്യമായി അയാളെ നിയമിക്കുന്ന ഉത്തരവിന്റെ തീയതിയാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്.

15.2 രണ്ടോ അതിലധികമോ ആളുകളെ ഒരേ സമയം ഈ സർവ്വീസിൽ നിയമിക്കപ്പെടുമ്പോൾ നിയമനാധികാരി അവരുടെ മുൻഗണനാ ക്രമം തിട്ടപ്പെടുത്തേണ്ടതും, അതിനനുസരിച്ച് സീനിയോറിറ്റി നിർണയിക്കപ്പെടേണ്ടതുമാണ്.

15.3 ഒരു ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നതിനുള്ള തീയതി ദീർഘിപ്പിക്കുന്നതിന് അപേക്ഷിക്കുകയും, നിയമനാധികാരി ആ കാലയളവ് നിയമന ഉത്തരവിന്റെ തീയതി മുതൽ മൂന്നു മാസത്തിൽ അധികം സമയത്തേക്ക് അനുവദിക്കുകയും ചെയ്താൽ ആ ഉദ്യോഗാർത്ഥിയുടെ സീനിയോറിറ്റി ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ നിർണയിക്കപ്പെടേണ്ടതാണ്. (സർക്കാർ ഉത്തരവ് (പി) നം.01/2021/പി ആന്റ് എ ആർ ഡി തീയതി 24.02.2021).

15.4 ഈ ചട്ടങ്ങൾ അനുസരിച്ചല്ലാതെ ആശ്രിത നിയമനം പോലെ മറ്റേതെങ്കിലും വ്യവസ്ഥ പ്രകാരം സർവ്വീസിൽ സ്ഥിരാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥിയുടെ സീനിയോറിറ്റി ആ നിയമന ഉത്തരവിന്റെ തീയതിയാൽ നിർണയിക്കപ്പെടുന്നതാണ്.

വിശദീകരണം: ഈ ഉപചട്ടത്തിന്റെ ആവശ്യാർത്ഥം ലീവിലിരിക്കുന്ന പ്രൊബേഷൻ പൂർത്തിയായ ഒരാൾ, അങ്ങനെ ലീവിലായിരുന്നില്ലെങ്കിൽ ആ തസ്തികയിലോ അല്ലെങ്കിൽ ഒരു ഉയർന്ന തസ്തികയിലോ ഡ്യൂട്ടിയിലായിരിക്കുമായിരുന്നുവെങ്കിൽ, സർവ്വീസിലെ ബന്ധപ്പെട്ട വിഭാഗത്തിൽ മെമ്പറെന്ന നിലയിൽ ഡ്യൂട്ടിയിലുള്ളതായി കരുതപ്പെടേണ്ടതാണ്.

## 16. സേവനാരംഭം (Commencement of Service)

16.1 ഈ ചട്ടങ്ങൾ അനുസരിച്ച് തദ്ദേശ സ്വയംഭരണ കണ്ടിജന്റ് ജീവനക്കാരുടെ ഏതെങ്കിലും കാറ്റഗറിയിൽപ്പെട്ട തസ്തികയിൽ നിയമിതനാവുന്ന ഉദ്യോഗാർത്ഥികൾ അവർ ജോലിയിൽ പ്രവേശിക്കുന്നതിനായി നിയമനാധികാരിക്ക് മുമ്പാകെ ഹാജരാകുന്നത് ആദ്യ പ്രവൃത്തി ദിവസത്തിന്റെ മധ്യാഹ്നത്തിനു മുമ്പാണെങ്കിൽ (FN) അന്നേ ദിവസം മുതലും, മധ്യാഹ്നത്തിനു ശേഷമാണെങ്കിൽ (AN) അടുത്ത പ്രവൃത്തി ദിവസം മുതലും സേവനം ആരംഭിച്ചതായി കണക്കാക്കുന്നതാണ്.

## 17. നിയമനങ്ങളും സ്ഥലം മാറ്റങ്ങളും (Postings and Transfers)

17.1 സർവ്വീസിലെ ഏതെങ്കിലും വിഭാഗത്തിലെ മെമ്പറായിരിക്കുന്ന ഒരാളോട്, അതേ യോഗ്യത നിഷ്കർഷിച്ചിട്ടുള്ള ആ വിഭാഗത്തിലുൾപ്പെട്ട ഏതെങ്കിലും തസ്തികകളിൽ ഒന്നിൽ സേവനമനുഷ്ഠിക്കാൻ ആവശ്യപ്പെടാവുന്നതാണ്.

17.2 എല്ലാ സ്ഥലം മാറ്റങ്ങളും നിയമനങ്ങളും നിയമനാധികാരി ചെയ്യേണ്ടതാണ്. എന്നാൽ നിയമനാധികാരിയിൽ നിക്ഷിപ്തമായ അധികാരങ്ങൾ, ഭരണപരമായി നിയമനാധികാരിയുടെ സബോർഡിനേറ്റ് ആയ ഏതെങ്കിലും ഉന്നതാധികാരിയ്ക്ക് കൂടി വിനിയോഗിക്കാവുന്നതാണ്.

17.3 ഭരണപരമായ ആവശ്യത്തിന് സർവ്വീസിലെ ഒരു മെമ്പർ, ഒരു നിയമനാധികാരി യുടെ അധികാരപരിധിയിൽ നിന്നും മറ്റൊരു നിയമനാധികാരിയുടെ അധികാര പരിധിയിലേക്ക് മാറ്റപ്പെടാവുന്നതാണ്. അങ്ങനെയുള്ള മാറ്റങ്ങൾ, നിയമനാധികാരി കളുടെ ഉന്നതാധികാരി ചെയ്യേണ്ടതാണ്.

17.4 അപേക്ഷയിന്മേലുള്ള സ്ഥലം മാറ്റം: ഒരു നിയമനാധികാരിയുടെ അധികാര പരിധി യിൽ നിന്നും മറ്റൊരു നിയമനാധികാരിയുടെ അധികാര പരിധിയിലേക്ക് മാറ്റം ആഗ്രഹിക്കുന്ന പ്രൊബേഷണർമാരും, പ്രൊബേഷൻ പൂർത്തിയാക്കിയവരും പര സ്പരമായോ, അല്ലാതെയോ ബന്ധപ്പെട്ട നിയമനാധികാരികളുടെ പരസ്പര സമ്മത ത്തോടുകൂടി സ്ഥിരമായി മാറ്റപ്പെടാവുന്നതാണ്. എങ്കിൽ അങ്ങനെ മാറ്റം ആഗ്രഹി ക്കുന്നവർ പതിനഞ്ചാം ചട്ടപ്രകാരം സീനിയോറിറ്റിക്കുള്ള അവകാശം ഉപേക്ഷിക്കു കയും അവരിൽ ഓരോ ആളും പുതിയ ഭരണ യൂണിറ്റിൽ വന്നു ചേരുന്ന തീയ തിക്ക് ആ യൂണിറ്റ് ഏത് രീതിയിലിരിക്കുന്നുവോ അന്ന് അതിലുള്ള പ്രൊബേഷ ണർമാരുടെയോ പ്രൊബേഷൻ പൂർത്തിയായവരുടെയോ ഫുൾ മെമ്പർമാരു ടെയോ ലിസ്റ്റിൽ അവസാന റാങ്ക് എടുക്കുകയും, മാറ്റപ്പെടുന്ന സ്ഥലങ്ങളിലേ ക്കുള്ള യാത്രാബത്തയ്ക്ക് അർഹരാകാതിരിക്കുകയും ചെയ്യുന്നതാണ്.

17.5 എന്നാൽ സ്ഥിരലാവണമുള്ളവർ അവർ മാറ്റപ്പെടുന്ന ഭരണ യൂണിറ്റിൽ അവർക്ക് തുടരുവാൻ ഒഴിവില്ലാതെ വരുന്ന പക്ഷം, അവർ വന്ന യൂണിറ്റിൽ തന്നെ തിരിച്ച് സ്ഥലം മാറ്റപ്പെടുന്നതാണ്.

17.6 ഒരു ഭരണ യൂണിറ്റിൽ നിന്നും മറ്റൊരു ഭരണ യൂണിറ്റിലേക്ക് മാറ്റപ്പെടുന്ന പ്രൊബേ ഷണർമാരുടെ പ്രൊബേഷന്റെ അവശേഷിക്കുന്ന ഭാഗം എത്തിച്ചേരുന്ന ഭരണയൂ ണിറ്റിൽ പൂർത്തിയാക്കാവുന്നതാണ്. (സർക്കാർ ഉത്തരവ് (പി)നം.3/2022/പി ആന്റ് എ ആർ ഡി തീയതി 05.03.2022).

17.7 ഒരു ഭരണ യൂണിറ്റിൽ പ്രൊബേഷൻ പൂർത്തിയാക്കിയ ശേഷം മറ്റൊരു ഭരണ യൂണിറ്റിൽ എത്തി ചേരുന്നവരുടെ പ്രൊബേഷൻ പുതിയതായി ആരംഭിക്കേണ്ടതി ല്ല. അവിടെയും പ്രൊബേഷൻ പൂർത്തീകരിച്ചതായി കരുതുന്നതാണ്.

18. **ശമ്പളം, അലവൻസുകൾ, അവധിക്കാല വേതനം, മറ്റ് സേവന വ്യവസ്ഥകൾ (Pay, Allowances, Leave Salary and Other Conditions of Service)**

സർവ്വീസിലെ മെമ്പർമാരുടെ ശമ്പളം, അലവൻസുകൾ, അവധിക്കാല വേതനം, മറ്റ് സേവന വ്യവസ്ഥകൾ എന്നിവ കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന തരത്തിൽ, തദ്ദേശ സ്വയംഭരണ വകുപ്പ് നിശ്ചയിക്കുന്നതാണ്.

19. **യാത്രാ ബത്തയും പ്രവേശനകാലവും (Travelling Allowances and Joining Time)**

പൊതു താൽപ്പര്യത്തിൽ സ്ഥലം മാറ്റപ്പെടുന്ന ഒരു മെമ്പർക്ക് സർക്കാർ സർവ്വീസിൽ കേരള സർവ്വീസ് ചട്ടങ്ങൾ ബാധകമായ ജീവനക്കാർക്ക് കാലാകാലങ്ങളിൽ അനുവദനീയമായ നിരക്കിൽ ജോയിനിംഗ് ടൈമിനും, യാത്രാബത്തയ്ക്കും ദിന ബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

**കുറിപ്പ്:** പ്രവേശനകാലം സംബന്ധിച്ച് സർക്കാർ ഉത്തരവ് (പി)നം.01/2021/പി ആന്റ് എ ആർ ഡി തീയതി 24.02.2021- ൽ അനുശാസിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

20. **സസ്പെൻഷനിലുള്ള മെമ്പർമാരുടെ ഉപജീവനബത്ത (Subsistence Allowance to Members under Suspension)**

20.1 സസ്പെൻഷനിൽ നിർത്തിയിരിക്കുന്ന ഒരു മെമ്പർക്ക് സസ്പെൻഷൻ കാലത്തേക്ക് അയാൾ സേവനത്തിലായിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന ശമ്പളത്തിന്റെയും ക്ഷാമബത്തയുടെയും പകുതിക്ക് തുല്യമായ ഒരു തുക ഉപജീവന ബത്തയായി ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

21. **അവധികൾ (Leaves)**

21.1 തദ്ദേശ സ്വയംഭരണ വകുപ്പ് കണ്ടിജന്റ് ജീവനക്കാർക്ക് കേരള കണ്ടിജന്റ് സർവ്വീസ് ജീവനക്കാർക്ക് അനുവദനീയമായ എല്ലാവിധ അവധികൾക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

21.2 താഴെപ്പറയുന്ന അവധികൾക്ക് സർവ്വീസിലെ ഒരു മെമ്പർ അർഹനായിരിക്കും. അതായത് -

21.2.1 കാഷ്വൽ അവധി - ഒരു കലണ്ടർ വർഷത്തിൽ ഇരുപത് കാഷ്വൽ അവധി.

അവധി ദിവസങ്ങളോട് ചേർത്ത് കാഷ്വൽ അവധി ഒരേ സമയം 15 ദിവസത്തിൽ കവിയരുത്.

21.2.2 * ശൂന്യ വേതനാവധി (Loss of Pay Leave) - ഒരു കലണ്ടർ വർഷത്തിൽ 240 ദിവസത്തെ ശൂന്യവേതന അവധി. ഇതിൽ 120 ദിവസത്തെ ശൂന്യ വേതന അവധി അനുവദിക്കുന്നതിനുള്ള അധികാരം നിയമനാധികാരിക്കും അതിനു മുകളിൽ 240 ദിവസം വരെ ശൂന്യ വേതനാവധി അനുവദിക്കുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ വകുപ്പിനുമാണ്.

കുറിപ്പ് - മേൽപ്പറഞ്ഞ പ്രകാരം ദീർഘകാല അവധി കണ്ടിജന്റ് ജീവനക്കാർക്ക് അനുവദിക്കുന്നതുമൂലം ഉണ്ടാവുന്ന ഒഴിവ്, ദിവസ വേതന അടിസ്ഥാനത്തിൽ താൽക്കാലികമായി നികത്താവുന്നതാണ്.

21.2.3 ** ആർജിത അവധി (Earned Leave) - ഒരു വർഷം 22 ദിവസത്തെ ഡ്യൂട്ടിക്ക് 1 ദിവസം എന്ന നിരക്കിൽ പരമാവധി 15 ദിവസത്തെ ആർജിത അവധി.

21.2.4 ***പ്രസവാവധി (Maternity Leave) - വനിതാ ജീവനക്കാർക്ക് 180 ദിവസത്തെ പൂർണ ശമ്പളത്തോടും ക്ഷാമബത്തയോടും കൂടിയ പ്രസവാവധി. അബോർഷൻ/ഭ്രൂണഹത്യ അവധി - വനിതാ ജീവനക്കാർക്ക് അബോർഷൻ/ഭ്രൂണഹത്യ നടക്കുന്ന അവസരത്തിൽ 6 ആഴ്ചക്കാലത്തെ അവധി. ഒരു ജീവനക്കാരി പ്രസവ സംബന്ധമായ അവധി എടുക്കുന്ന അവസരങ്ങളുടെ എണ്ണം രണ്ടായി പരിമിതപ്പെടുത്തിയിരിക്കുന്നു.

21.2.5 #പിതൃത്വ അവധി (Paternity Leave) - പുരുഷ ജീവനക്കാർക്ക് 10 ദിവസത്തെ പൂർണ ശമ്പളത്തോടും ക്ഷാമബത്തയോടും കൂടിയ പിതൃത്വ അവധി.

ഒരു ജീവനക്കാരന് പിതൃത്വ അവധി രണ്ടു കുട്ടികളുടെ ജനന വേളകളിലേക്കായി പരിമിതപ്പെടുത്തിയിരിക്കുന്നു.

കുറിപ്പ് - പിതൃത്വാവധി ഭാര്യയുടെ പ്രസവത്തിന് മുമ്പായി 10 ദിവസങ്ങൾക്കകമോ പ്രസവ ശേഷം മൂന്ന് മാസങ്ങൾക്കകമോ പ്രസവ തീയതി സംബന്ധിച്ച മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിക്കേണ്ടതാണ്.

21.2.6 + ഹിസ്റ്ററക്ടമി ഓപ്പറേഷൻ അവധി (Hysterectomy Operation Leave) - വനിതാ ജീവനക്കാർക്ക് ഹിസ്റ്ററക്ടമി ഓപ്പറേഷനു വിധേയമാവുന്ന അവസരത്തിൽ മെഡിക്കൽ ഓഫീസറുടെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി 45 ദിവസം വരെ അവധി.

21.1.7 $അവശതാവധി (Disability Leave) –കേരള സർവ്വീസ് റൂൾസ് വാല്യം I, ഭാഗം I, ചട്ടങ്ങൾ 97, 98 എന്നിവയിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി അവശതാവധി.

* സർക്കാർ ഉത്തരവ് (പി)നം.8/2017/പി ആന്റ് എ ആർ ഡി തീയതി 05.07.2017 പ്രകാരം 240 ദിവസമായി ഉയർത്തി. സർക്കാർ ഉത്തരവ് അച്ചടി നം.13/2023/പി ആന്റ് എ ആർ ഡി തീയതി 20.07.2023 - ശൂന്യവേതന അവധി അനുവദിക്കുമ്പോൾ അർഹമായ സേവനാനുകൂല്യങ്ങൾ നിഷ്കർഷിക്കുന്നത്.

** സർക്കാർ ഉത്തരവ് (പി)നം.145/2006/ഫിൻ തീയതി 25.03.2006
സർക്കാർ ഉത്തരവ് (പി)നം.06/2011/പി ആന്റ് എ ആർ ഡി തീയതി 17.02.2011 - ആർജിത അവധി അനുവദിച്ചുകൊണ്ട്

*** സർക്കാർ ഉത്തരവ് (പി)നം.129/2009/ഫിൻ തീയതി 01.04.2009
സർക്കാർ ഉത്തരവ് (പി)നം.26/2010/പി ആന്റ് എ ആർ ഡി തീയതി 10.08.2010 - പ്രസവാവധി 180 ദിവസമായി വർദ്ധിപ്പിച്ചു.

# സർക്കാർ ഉത്തരവ് (പി)നം.342/2011/ഫിൻ തീയതി 11.08.2011

\+ സർക്കാർ ഉത്തരവ് (പി)നം.21/2010/പി ആന്റ് എ ആർ ഡി തീയതി 22.06.2010

$ സർക്കാർ ഉത്തരവ് (പി)നം.0/2019/പി ആന്റ് എ ആർ ഡി തീയതി 11.06.2019 - അവശതാവധി അനുവദിച്ചുകൊണ്ട്

## 22 ഉദ്യോഗം രാജിവയ്ക്കലും സ്വയം പിരിഞ്ഞു പോകലും (Resignation and Voluntary Retirement)

22.1 സർവ്വീസിലെ ഒരു മെമ്പർക്ക് ഏത് സമയത്തും മുൻകൂർ നോട്ടീസ് നൽകി ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്. അപ്രകാരം ചെയ്താൽ മുൻകാല സേവനത്തിലൂടെ ആർജിച്ച എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും ത്യജിക്കപ്പെട്ടതായി കരുതുന്നതാണ്.

22.2 സർവ്വീസിൽ 20 വർഷം സേവനം അനുഷ്ഠിച്ച ഒരു മെമ്പർക്ക് സ്വയം ഉദ്യോഗത്തിൽ നിന്നും പിരിയുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

## 23 സൂപ്പറാന്വേഷൻ (Superanuation)

23.1 എഴുപത് വയസ് പൂർത്തിയാകുന്ന മാസത്തിലെ അവസാന തീയതിക്ക് സർവ്വീസിലെ ഒരു പാർട്ട് ടൈം കണ്ടിജന്റ് മെമ്പർ സർവ്വീസിൽ നിന്നും വിരമിക്കുന്നതാണ്.

23.2 അറുപതു വയസ് പൂർത്തിയാകുന്ന മാസത്തിലെ അവസാന തീയതിക്ക് ഒരു ഫുൾ ടൈം കണ്ടിജന്റ് മെമ്പർ സർവ്വീസിൽ നിന്നും വിരമിക്കുന്നതാണ്.

## 24 വ്യവസ്ഥകളുടെ സംരക്ഷണവും ബാധകമാക്കലും (Saving Clause and Application of Certain Clauses)

24.1 ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് സർവ്വീസിൽ തുടരുന്ന അംഗങ്ങൾ നിലവിൽ അനുഭവിച്ചു വരുന്ന നിയമപരമായ ആനുകൂല്യങ്ങൾ ഈ ചട്ടങ്ങളാൽ റദ്ദാവുന്നതല്ല. അവ സംരക്ഷിക്കപ്പെടുന്നതാണ്.

24.2 ഈ ചട്ടങ്ങളാൽ വ്യവസ്ഥ ചെയ്യപ്പെടാത്ത സേവനപരമായ സംഗതികളിൽ, സർക്കാർ സർവ്വീസിലെ സേവന സംബന്ധമായ ചട്ടങ്ങളിലെ പ്രസക്തമായ വ്യവസ്ഥകൾ അനുസരിച്ച് തീർപ്പുകൽപ്പിക്കാവുന്നതാണ്.

## 25 ചട്ടങ്ങളുടെ ഭേദഗതി (Amendment of Rules)

25.1 ആവശ്യമെന്നു കണ്ടാൽ ഈ ചട്ടങ്ങൾ ഭാഗികമായോ പൂർണ്ണമായോ ഭേദഗതി വരുത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. കൂടാതെ, വിശേഷാൽ ചട്ടങ്ങളുടെ സുഗമമായ നടത്തിപ്പിനായി കേരള പഞ്ചായത്തീരാജ് ആക്ട് 1994, കേരള മുനിസിപ്പാലിറ്റി ആക്ട് 1994 എന്നിവയിൽ വേണ്ട വിധമുള്ള ഭേദഗതി വരുത്താവുന്നതാണ്.

അനുബന്ധം - 1

അനുബന്ധങ്ങൾ
1. ശൂന്യവേതന അവധി - 240 ദിവ

കേരള സർക്കാർ

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—ജീവനക്കാര്യം—പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാരുടെ ശൂന്യവേതനാവധി—നിലവിലുള്ള പരിധി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്

സ.ഉ. (പി) നം. 8/2017/ഉ.ഭ.പ.വ *തീയതി, തിരുവനന്തപുരം, 2017 ജൂലായ് 5.*

## ഉത്തരവ്

കേരള പാർട്ട്-ടൈം കണ്ടിജന്റ് സർവ്വീസ് വിശേഷാൽ ചട്ടം 14 (b) പ്രകാരം പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം പ്രത്യേക സാഹചര്യങ്ങളിൽ 120 ദിവസം വരെ ശൂന്യവേതനാവധി അനുവദിക്കാവുന്നതാണ്. പ്രസ്തുത അവധിക്ക് ഉപരിയായി പ്രത്യേക കേസായി പരിഗണിച്ച് ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് നിരവധി അപേക്ഷകൾ സർക്കാരിന് ലഭിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം പ്രത്യേക സാഹചര്യങ്ങളിൽ/മെഡിക്കൽ ആവശ്യങ്ങൾക്ക് അനുവദിക്കാവുന്ന ശൂന്യവേതനാവധിയുടെ പരിധി നിലവിലുള്ള 120 ദിവസത്തിൽ നിന്നും 240 ദിവസമായി ഉയർത്തി ഉത്തരവാകുന്നു. പ്രസ്തുത വിഭാഗം ജീവനക്കാർക്ക് ഒരു കലണ്ടർവർഷം 120 ദിവസം വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അധികാരം നിയമനാധികാരിയിലും, അതിനുമുകളിൽ 240 ദിവസം വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ഭരണ വകുപ്പിലും നിക്ഷിപ്തമായിരിക്കും.

3. മേൽപ്രകാരം ദീർഘകാല അവധി പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർക്ക് അനുവദിക്കുന്നത് മൂലം പ്രസ്തുത ഓഫീസിന്റെ സുഗമമായ പ്രവർത്തനം തടസ്സപ്പെടാതിരിക്കുന്നതിന് പാർട്ട്-ടൈം തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവ് ദിവസവേതന അടിസ്ഥാനത്തിൽ താൽക്കാലികമായി നികത്തുന്നതിന് (അതത് കാലങ്ങളിൽ ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി) ബന്ധപ്പെട്ട നിയമനാധികാരികൾക്ക് അനുമതി നൽകുന്നു.

GCPT. 3/2431/2017/TP. [മറുപുറം]

4. കേരള പാർട്ട്-ടൈം കണ്ടിജന്റ് വിശേഷാൽ ചട്ടത്തിൽ ആവശ്യമായ ഭേദഗതി പിന്നീട് വരുത്തുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**സത്യജീത് രാജൻ,**
*പ്രിൻസിപ്പൽ സെക്രട്ടറി.*

പകർപ്പ് :-

എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/ സെക്ഷനുകൾക്കും.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും/ സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/ അണ്ടർ സെക്രട്ടറിമാർക്കും.

ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ (ആമുഖ കത്ത് സഹിതം).

കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/എല്ലാമന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

വിവര പൊതുജനസമ്പർക്ക (Web & New Media) വകുപ്പ് (പ്രചാരണത്തിന്).

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

---

2. ടിന്റ് ക്വിന്റൽ ലീവ് - 1/22 - 15ദി

GOVERNMENT OF KERALA

Abstract

KERALA PART TIME CONTINGENT EMPLOYEES RULES —INCLUSION OF EARNED LEAVE UNDER RULE 14—ORDERS ISSUED

PERSONNEL AND ADMINISTRATIVE REFORMS (RULES) DEPARTMENT

G. O. (P) No. 6/2011/P&ARD. *Dated, Thiruvananthapuram, 17th February 2011.*

*Read*:—G. O. (P) No. 145/2006/Fin. dated 25-3-2006.

ORDER

As per the Eighth Pay Revision Order read above Government have recommended, the extension of the right to Earned Leave to Part Time Contingent Employees at the rate of 1/22 for the period spent on duty limited to a maximum of 15 days in a year vide para 7, Sub-para 3.

2. In the above circumstances Government are pleased to extend the right to Earned Leave @ 1/22 limited to a maximum of 15 days in a year, to Part Time Contingent Employees also, by incorporating a new sub-rule to Rule14 of Special Rules for Part Time Contingent Employees.

3. This order will take effect from the date of order. Necessary amendments to Kerala Part Time Contingent Rules will be issued separately.

By order of the Governor,

T. J. MATHEW,
*Secretary to Government.*

GCPT. 3/911/2011/TP. [P.T.O.

To

All Heads of Departments and Offices.

The Secretary, Kerala Public Service Commission (with C.L.).

The Registrar, High Court of Kerala, Ernakulam (with C.L.).

The Registrar, University of Kerala, Thiruvananthapuram (with C.L.).

The Registrar, University of Cochin (with C.L.).

The Registrar, University of Calicut, Thenjippalam (with C.L.).

The Registrar, University of Kannur, Kannur (with C.L.).

The Registrar, Mahatma Gandhi University, Kottayam (with C.L.).

The Registrar, Kerala Agricultural University, Thrissur (with C.L.).

The Registrar, Sree Sankara University of Sanskrit, Kaladi, Ernakulam (with C.L.).

The General Manager, KSRTC, Thiruvananthapuram (with C.L.).

The Secretary, KSEB, Thiruvananthapuram (with C.L.).

The Accountant General, Kerala, Thiruvananthapuram (with C.L.).

The Director, I & PR Department.

The General Secretary, Kerala NGO Union.

All Departments/(All Sections) of the Secretariat.

Stock File/Office Copy.

GOVERNMENT OF KERALA

**Abstract**

KERALA PART TIME CONTINGENT EMPLOYEES SERVICE RULES—ENHANCEMENT OF MATERNITY LEAVE UNDER RULE 14 UPTO 180 DAYS—ORDERS ISSUED

PERSONNEL AND ADMINISTRATIVE REFORMS (RULES) DEPARTMENT

**G. O. (P) No. 26/2010/P&ARD.   Dated, Thiruvananthapuram, 10th August, 2010.**

*Read:*— 1. G. O. (P) No.129/2009/Fin. dated 1-4-2009.
2. Representation dated 13-8-2009 from the General Secretary, Kerala NGO Union

ORDER

In Sub-rule (c) of Rule 14 of Special Rules for Kerala Part Time Contingent Service it has been specifically stipulated that maternity leave for 3 months or leave for abortion or miscarriage for 6 weeks, as the case may be, to female employees with full pay and Dearness Allowance for the period.

2. As per order read as 1st paper above Government have enhanced the number of days of maternity leave under Rule 100 Part I, Kerala Service Rules to 180 days to female officers in Government Service.

3. Considering the representation received from Service Organisations, Government are pleased to enhance the number of days of Maternity Leave upto 180 days under Rule 14(c) of Kerala Part Time Contingent Service Rules. Those employees who continues on leave on the date of this order will also be eligible for the benefit.

4. This order will take effect from the date of order. Necessary amendments to Kerala Part Time Contingent Service Special Rules will be issued separately.

By order of the Governor,

T. J. MATHEW
*Secretary to Government*

GCPT. 3/3512/2010/DTP.

To

All Heads of Departments and Offices

The Secretary, Kerala Public Service Commission (with C. L.)

The Registrar, High Court of Kerala, Ernakulam (with C. L.)

The Registrar, University of Kerala, Thiruvananthapuram (with C. L.)

The Registrar, University of Cochin (with C. L.)

The Registrar, University of Calicut, Thenjippalam (with C.L.)

The Registrar, University of Kannur, Kannur (with C. L.)

The Registrar, Mahatma Gandhi University, Kottayam (with C. L.)

The Registrar, Kerala Agricultural University, Thrissur (with C. L.)

The Registrar, Sree Sankaracharya University of Sanskrit, Kaladi, Ernakulam (with C. L.)

The General Manager, Kerala State Road Transport Corporation, Thiruvananthapuram (with C. L.)

The Secretary, Kerala State Electricity Board, Thiruvananthapuram (with C. L.)

The Principal Accountant General (Audit), Kerala, Thiruvananthapuram (with C. L.)

The Accountant General (A&E), Kerala, Thiruvananthapuram (with C. L.)

The Director, I & PR Department

The General Secretary, Kerala NGO Union.

All Departments/All sections of the Secretariat.

Stock File/Office Copy.

---

4. [illegible]

**GOVERNMENT OF KERALA**

Abstract

Kerala Service Rules – Grant of – Paternity Leave to serving male employees – Guidelines -Issued.

=====================================

**FINANCE (RULES B) DEPARTMENT**

G.O. (P) No. 342 /2011/Fin.          Dated, Thiruvananthapuram 11/8/2011.

=====================================

Read:- G.O (P) 85/11/Fin, dated 26/2/2011.

**ORDER**

Government vide order read above, have introduced Paternity Leave to a male Government Servant for 10 days each for two children at the time of delivery of his wife.

The following instructions are issued for the guidance of the leave sanctioning authorities:-

(i) Paternity leave will be granted for a period of 10 days during the confinement of his wife for child birth ie upto 10 days before or upto 3 months from the date of delivery of the child, subject to the production of a certificate from the medical practitioner stating the exact date of delivery.

(ii) During such period of 10 days he shall be paid leave salary as admissible

under rule 92, Part I, Kerala Service Rules.

(iii) It will be allowed to combine with other kinds of leave except leave without allowance under Appendix XII A/B/C, Kerala Service Rules.

(iv) This leave shall not be debited against the leave account but the leave details should be entered in the Service Book of the employee and also in the register of special leave referred to in the Government decision below Rule 106, Part I, Kerala Service Rules.

(v) If Paternity Leave is not availed of within the period specified in Sub rule (i) such leave shall be treated as lapsed.

These orders shall have retrospective effect from 26/2/2011.

Necessary amendments to Kerala Service Rules will be issued separately.

By Order of the Governor,
Dr. A.K. DUBEY
PRINCIPAL SECRETARY (FINANCE)

To

The Principal Accountant General (Audit), Kerala, Thiruvananthapuram
The Accountant General (A&E), Kerala, Thiruvananthapuram.
All Heads of Departments and Offices.
All Departments and Sections of the Secretariat.
The Director of Treasuries, Thiruvananthapuram.
The Secretary, K.P.S.C, Thiruvananthapuram (with C.L.).
The General Manager, K.S.R.T.C., Thiruvananthapuram.
The Registrar, High Court of Kerala, Ernakulam (with C.L.).
The Registrars, University of Kerala/Kochi/Calicut/Mahatma Gandhi/ Kannur (with C.L.).
The Registrar, Kerala Lok Ayukta, Thiruvananthapuram.
The Registrar, Kerala Agricultural University, Mannuthi.
The Secretary, Ombudsman for Local Self Government, Thiruvananthapuram.
The Advocate General, Kerala, Ernakulam (with C.L.).
The Secretary K.S.E.B, Thiruvananthapuram (with C.L.).
All Principal Secretaries/Secretaries/Special Secretaries/Additional Secretaries/Joint Secretaries/Deputy Secretaries/Under Secretaries to

Government.
The Secretary to Governor, Raj Bhavan.
The Private Secretary to Speaker/Deputy Speaker of the Legislative Assembly.
The Additional Secretary to the Chief Secretary.
The Secretary, Human Rights Commission, Thiruvananthapuram.
The Registrar, Sree Sankara Sanskrit University, Kalady (with C.L.).
The Private Secretaries to the Chief Minister and other Ministers.
The Private Secretary to the Leader of Opposition.
The State Election Commissioner, Kerala, Thiruvananthapuram.
The State Chief Information Commissioner (with C.L.).
The Nodal Officer, www.finance.kerala.gov.in.
The Director, Public Relations Department.
The Stock File/Office Copy.

Forwarded by Order,

Section Officer.

5. [illegible]
— 45 days.

GOVERNMENT OF KERALA

**Abstract**

PART-TIME CONTINGENT EMPLOYEES SERVICE RULES—INTRODUCTION OF LEAVE FOR HYSTERECTOMY OPERATION FOR FEMALE EMPLOYEES—ORDERS ISSUED

PERSONNEL AND ADMINISTRATIVE REFORMS (RULES) DEPARTMENT

**G. O. (P) No. 21/2010/P&ARD. Dated, Thiruvananthapuram, 22nd June, 2010.**

*Read:*—1. G. O. (P) No. 129/2009/Fin. dated 1-4-2009.

2. Representation dated 13-8-2009 from the General Secretary, Kerala NGO Union.

ORDER

Sub-rule (c) of Rule 14 of Special Rules for Part-time Contingent Service specifically stipulates that maternity leave for 3 months or leave for abortion or miscarriage for 6 weeks, as the case may be, to female employees with Full Pay and Dearness Allowance for the period.

2. As per order read as 1st paper above Government have enhanced the number of days of maternity leave under Rule 100, Part I, Kerala Service Rules to 180 days and have also ordered to grant 45 days leave to female officers in case of Hysterectomy.

3. Considering the representation received from Service Organisations, Government are pleased to extend such facility to the Female Employees of Part-time Contingent Service. Government therefore order that leave under rule 14 (c) of the Special Rules for Part-time Contingent Service shall be granted to female employees in case of Hysterectomy, subject to the condition that leave does not exceed 45 days and application for the leave is supported by a certificate from the medical attendant.

DCPT 5/2522/2010/GTP.

4. This order will take effect from the date of order. Necessary amendments to Kerala Part-time Contingent Service Special Rules will be issued separately.

By order of the Governor,

T. J. MATHEW,
*Secretary to Government.*

To

All Heads of Departments and Offices
The Secretary, Kerala Public Service Commission (with C. L.).
The Registrar, High Court of Kerala, Ernakulam (with C. L.).
The Registrar, University of Kerala, Thiruvananthapuram (with C. L.).
The Registrar, University of Cochin (with C. L.).
The Registrar, University of Calicut, Thenjippalam (with C. L.).
The Registrar, University of Kannur, Kannur (with C. L.).
The Registrar, Mahatma Gandhi University, Kottayam (with C. L.).
The Registrar, Kerala Agricultural University, Thrissur (with C. L.).
The Registrar, Sree Sankara University of Sanskrit, Kaladi, Ernakulam (with C. L.).
The General Manager, K.S.R.T.C., Thiruvananthapuram (with C. L.).
The Secretary, K.S.E.B., Thiruvananthapuram (with C. L.).
The Accountant General, Kerala, Thiruvananthapuram (with C. L.).
The Director, I & PR Department.
All Departments (All Sections) of the Secretariat.
Stock File/Office Copy.

ശൂന്യവേതന അവധി.

'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—ജീവനക്കാര്യം—കേരള പാർട്ട്-ടൈം കണ്ടിജന്റ് സർവീസ് വിശേഷാൽ ചട്ടത്തിന്റെ പരിധിയിൽ വരുന്ന ജീവനക്കാർക്ക് ശൂന്യവേതനാവധി അനുവദിക്കുന്നതോടൊപ്പം അർഹമായ സേവനാനുകൂല്യങ്ങൾ നിഷ്കർഷിച്ച്—ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്**

സ.ഉ.(അച്ചടി) നം.13/2023/ഉ.ഭ.പ.വ. തീയതി, തിരുവനന്തപുരം, 20-07-2023

---

പരാമർശം:— 1. സ.ഉ. (പി) നം. 8/2017/ഉ.ഭ.പ.വ. തീയതി: 05/07/2017.
2. സർക്കുലർ നം. 72/2002/ധന തീയതി: 30/12/2005.

<u>**ഉത്തരവ്**</u>

പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർക്ക് പ്രത്യേക സാഹചര്യത്തിൽ/മെഡിക്കൽ ആവശ്യങ്ങൾക്കായി ഒരു കലണ്ടർ വർഷം 120 ദിവസം വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അധികാരം നിയമനാധികാരിയിലും, അതിനുമുകളിൽ 240 ദിവസം വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ഭരണ വകുപ്പിലും നിക്ഷിപ്തമായിരിക്കുമെന്ന് പരാമർശം (1) ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. കെ.എസ്.ആറിലെ ചട്ടങ്ങൾ പ്രകാരം ശൂന്യവേതനാവധി അനുവദിക്കുമ്പോൾ ജീവനക്കാർക്ക് അർഹമായ സേവന ആനുകൂല്യങ്ങൾ സ്പഷ്ടമാക്കി പരാമർശം (2) സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ശൂന്യവേതനാവധി അനുവദിക്കുമ്പോൾ നിലവിൽ അനുവദനീയമായ ആനുകൂല്യങ്ങൾ നിഷ്കർഷിച്ച് ഉത്തരവുകളോ മറ്റു നിർദ്ദേശങ്ങളോ നിലവിലില്ല. ടി സാഹചര്യത്തിൽ പാർട്ട്-ടൈം ജീവനക്കാർക്ക് ശൂന്യവേതനാവധിയിലായിരിക്കുമ്പോൾ, അനുവദിക്കാവുന്ന സേവന ആനുകൂല്യങ്ങൾ വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നത് ഉചിതമായിരിക്കും എന്ന് സർക്കാർ കരുതുന്നു.

2. മേൽ സാഹചര്യത്തിൽ പരാമർശം (1) ഉത്തരവ് പ്രകാരം പാർട്ട്-ടൈം ജീവനക്കാർക്ക് ശൂന്യവേതനാവധി അനുവദിക്കുമ്പോൾ ചുവടെ ചേർത്തിരിക്കുന്ന സേവന/വേതന ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണെന്ന് വ്യക്തമാക്കി ഉത്തരവാകുന്നു.

i. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്ന ശൂന്യവേതനാവധി കാലയളവ് സീനിയോറിറ്റി, സ്ഥാനക്കയറ്റം, പെൻഷൻ, ഇൻക്രിമെന്റ് എന്നീ ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നതാണ്. ആർജിതാവധി, പ്രൊബേഷൻ എന്നിവയ്ക്ക് പരിഗണിക്കുന്നതല്ല.

ii. പ്രത്യേക സാഹചര്യങ്ങളിൽ ശൂന്യവേതനാവധി അനുവദിക്കുമ്പോൾ ടി അവധി കാലയളവ് സീനിയോറിറ്റിക്ക് മാത്രമേ പരിഗണിക്കുകയുള്ളൂ.

iii. ശൂന്യവേതനാവധി അനുവദിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ/ നടപടിക്രമങ്ങളിൽ അവധി കാലയളവിൽ ഏതൊക്കെ സർവീസ് ആനുകൂല്യങ്ങൾക്ക് അർഹമാണെന്നത് സംബന്ധിച്ച വിവരം വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

iv. ഓഫീസ് മേലധികാരി അവധിയുടെ സാധുത പരിശോധിക്കുകയും അർഹമെങ്കിൽ വ്യക്തമായ ശിപാർശയോടുകൂടി അത് സാക്ഷ്യപ്പെടുത്തിയിരിക്കുകയും വേണം.

v. ഈ ഉത്തരവ് ഉടൻപ്രാബല്യത്തോടെ ബാധകമാകുന്നതാണ്. ഉത്തരവ് തീയതിക്ക് മുൻപ് പരിശോധിച്ച് തീർപ്പാക്കിയിട്ടുള്ള കേസുകൾ പുനഃപരിശോധിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രാജീവൻ എ പി**
**ജോയിന്റ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/
ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും
എല്ലാ വകുപ്പധ്യക്ഷന്മാർക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/ എല്ലാ ജില്ലാ കളക്ടർമാർക്കും
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/ സെക്ഷനുകൾക്കും
ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ (ആമുഖ കത്ത് സഹിതം).
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും
കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ ഡ്യൂട്ടി ഓഫീസർക്ക്.
വിവര പൊതുജനസമ്പർക്ക (Web & New Media) വകുപ്പ് (പ്രചാരണത്തിന്).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

4812
20/3/21

പ്രവേശനകാലം —
മാർഗനിർദ്ദേശങ്ങൾ.

'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്—എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാരുടെ നിയമനം—പ്രവേശനകാലം സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ—ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ്

സ.ഉ.(പി)നം. 1/2021/ഉ.ഭ.പ.വ. തീയതി, തിരുവനന്തപുരം, 24/02/2021

---

പരാമർശം:— സ.ഉ. (പി) നം. 15/2020/ഉ.ഭ.പ.വ തീയതി: 28/10/2020.

<u>ഉത്തരവ്</u>

കേരള പാർട്ട്-ടൈം കണ്ടിജന്റ് സർവ്വീസ് വിശേഷാൽ ചട്ടം, ചട്ടം 3 പ്രകാരം പാർട്ട്-ടൈം തസ്തികകളിലേക്കുള്ള നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നടത്തുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നൽകുന്ന പട്ടികയിൽ നിന്ന് അഭിമുഖം നടത്തി യോഗ്യരായവരെ തെരഞ്ഞെടുത്ത് നിയമന ഉത്തരവ് നൽകേണ്ടത് നിയമനാധികാരിയാണ്. നിയമന ഉത്തരവിൽ നിയമനാധികാരി പരമാവധി എത്ര ദിവസം വരെ പ്രവേശന കാലം അനുവദിച്ചിട്ടുണ്ട് എന്ന് സൂചിപ്പിക്കാറുണ്ട്. എങ്കിലും അതിന് ഒരു ഏകീകൃത സ്വഭാവമുണ്ടെന്ന് കാണുന്നില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി പാർട്ട്-ടൈം തസ്തികയിൽ നിയമിക്കപ്പെടുന്ന പാർട്ട്-ടൈം ജീവനക്കാർക്ക് പ്രവേശനകാലം ദീർഘിപ്പിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് സർക്കുലറുകളോ ഉത്തരവുകളോ നിലവിലില്ല. ഇത് പലവിധ തർക്കങ്ങൾക്ക് ഇടയാക്കുന്നു. പാർട്ട്-ടൈം തസ്തികയിൽ നിയമിതരാവുന്നവരുടെ പ്രവേശനകാലം ദീർഘിപ്പിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് സംശയ ദൂരീകരണത്തിനും സ്പഷ്ടീകരണത്തിനുമായി ഉദ്യോഗാർത്ഥികളും, നിയമനാധികാരികളും സർക്കാരിനെ സമീപിക്കുന്നുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയുള്ള നിയമനങ്ങളിൽ പ്രവേശനകാലം ദീർഘിപ്പിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് വ്യവസ്ഥകൾ വ്യക്തമാക്കി പരാമർശിത ഉത്തരവ് നിലവിലുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിക്കുന്ന പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർക്കും പ്രവേശനകാലം സംബന്ധിച്ച് മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതും അർഹരായവർക്ക് പ്രവേശനകാലം ദീർഘിപ്പിച്ച് നൽകുന്നതും ഉചിതമാണെന്ന് സർക്കാർ കരുതുന്നു.

3. മേൽ സാഹചര്യത്തിൽ, പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാരുടെ പ്രവേശനകാലവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു:

1. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിക്കുന്ന പാർട്ട്-ടൈം ജീവനക്കാർക്ക് ജോലിയിൽ പ്രവേശിക്കുന്നതിന് നിയമന ഉത്തരവ് കൈപ്പറ്റി 15 ദിവസം വരെ പ്രവേശനകാലം അനുവദിക്കാവുന്നതാണ്.
2. അടിയന്തരവും സവിശേഷവുമായ സാഹചര്യങ്ങളിലോ, മെഡിക്കൽ ബോർഡിന്റെ ശിപാർശയുടെ അടിസ്ഥാനത്തിലോ ജോലിയിൽ പ്രവേശിക്കുന്നതിന് അനുവദനീയമായ സമയപരിധിക്ക് പുറമേ 30 ദിവസം വരെ ദീർഘിപ്പിച്ച് നൽകാനുള്ള അധികാരം നിയമനാധികാരിയിലും 30 ദിവസത്തിൽ അധികം ദീർഘിപ്പിച്ച് നൽകാനുള്ള അധികാരം സർക്കാരിലും നിക്ഷിപ്തമാണ്.
3. നിയമന ഉത്തരവിന്റെ തീയതി മുതൽ 45 ദിവസത്തിന് ശേഷം ജോലിയിൽ പ്രവേശിക്കുന്ന സാഹചര്യത്തിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ ജീവനക്കാരന് സീനിയോറിറ്റിക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ.
4. പ്രവേശനകാലം ദീർഘിപ്പിച്ച് നൽകുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം അനുവദിച്ചിട്ടുള്ള പ്രവേശനകാലം അവസാനിക്കുന്നതിന് മുമ്പുതന്നെ അതനുവദിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള അധികാരി സമക്ഷം ഉചിത മാർഗേണ സമർപ്പിക്കേണ്ടതാണ്.
5. അനുവദിക്കപ്പെട്ട പ്രവേശനകാലത്തിനുശേഷം സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.
6. ഇത്തരത്തിൽ ലഭ്യമാകുന്ന അപേക്ഷകൾ അടിയന്തര സ്വഭാവത്തോടെ പരിഗണിക്കേണ്ടതും ആയതിന് വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതുമാണ്.
7. പ്രവേശകാലം ദീർഘിപ്പിച്ച് നൽകുന്നതിനുള്ള അപേക്ഷ പരിഗണിക്കാൻ കഴിയാത്തതാണെങ്കിൽ ആയത് നിരസിച്ച വിവരം രജിസ്റ്റേർഡ് തപാൽ (കൈപ്പറ്റ് രസീത് സഹിതം) മുഖേന അപേക്ഷകനെ അറിയിക്കേണ്ടതും ജോലിയിൽ പ്രവേശിക്കുന്നതിന് തപാൽ കൈപ്പറ്റി പത്തു ദിവസം വരെ സമയം അനുവദിക്കേണ്ടതുമാണ്.
8. ടി ദിവസത്തിനുള്ളിൽ ജോലിയിൽ പ്രവേശിക്കാത്ത ഉദ്യോഗാർത്ഥികളുടെ നിയമന ഉത്തരവ് റദ്ദാക്കേണ്ടതും, ടി വിവരം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കേണ്ടതുമാണ്.
9. ഇത്തരത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നാമനിർദ്ദേശം ചെയ്യപ്പെട്ട് നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥിയ്ക്ക് ജോലിയിൽ പ്രവേശിക്കാൻ കഴിയാതിരുന്നാൽ, ടി നിയമനം NJD (Not Joining Duty) ആയി പരിഗണിക്കുന്നതാണ്.

ഒരു വർഷമോ, ആദ്യത്തെ പുതുക്കലോ ഏതാണോ ആദ്യം വരുന്നത് അതിനുള്ളിൽ മതിയായ കാരണം ബോധ്യപ്പെടുത്തി ഉദ്യോഗാർത്ഥി അപേക്ഷ നൽകിയാൽ മാത്രം സീനിയോറിറ്റി പുനഃസ്ഥാപിച്ച് വീണ്ടും നിയമനത്തിന് പരിഗണിക്കുന്നതാണ്. ആയതിന് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ സമീപിക്കേണ്ടതും ടി വസ്തുതകൾ നിയമന ഉത്തരവിൽതന്നെ രേഖപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടി. പ്രസന്നൻ,
ഡെപ്യൂട്ടി സെക്രട്ടറി.

എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/
എല്ലാ ജില്ലാ കളക്ടർമാർക്കും
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/
ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.

ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

വിവര പൊതുജനസമ്പർക്ക (Web & New Media) വകുപ്പ് (പ്രചാരണത്തിന്).

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശം-എ, ബി, സി) വകുപ്പുകൾ.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

**GOVERNMENT OF KERALA**

**Abstract**

Personnel & Administrative Reforms Department – Kerala Part-time Contingent Service Special Rules – Probation of employees on transfer – clarified - orders issued.

**PERSONNEL & ADMINISTRATIVE REFORMS (RULES) DEPARTMENT**

G.O. (P) No.3/2022/P&ARD    Dated, Thiruvananthapuram, 05-03-2022

Read:- 1. Kerala Part-time Contingent Service Special Rules.
2. GO(P)No.5/2013/P&ARD Dated 6/2/2013.
3. Representation from Shri. Suresh T.P, Alappuzha dated 29/10/2021.
4. Order of the Hon'ble KAT dated 23/11/2021 in OA No. 2155/2021.

## ORDER

In the representation read as 3rd paper above, Shri. Suresh T.P, Alappuzha now working as Health Attendant Gr.II, Community Health Centre, Thykkaattussery, Cherthala has stated that after working as Part-time Sweeper in Agriculture Development for more than 16 years, he got an inter-department transfer to Health Department as Part-time Sweeper. He was then promoted to the post of IInd Grade Hospital Attendant. But his promotion was cancelled later on the ground that he has not completed his probation in the post of Part-time Sweeper in Health Department. Later after completing his period of probation in the Health Department, he was again promoted to the post of IInd Grade Hospital Attendant. The petitioner has stated that due to the condition prescribed in clause 3 (iv) of GO(P)No. 5/2013/P&ARD dated 6/2/2013 he was forced to complete his probation again. He has stated that Part-time employees are also eligible to get the benefit given to Last Grade Employees in the order read above and has requested to extend the benefit to them.

2. The petitioner then preferred an OA No. 2155/2021 before the Hon'ble Kerala Administrative Tribunal with the above prayer. Hon'ble Kerala Administrative Tribunal as per the order read as 4th paper above directed the Second Respondent in the OA viz, Principal Secretary to Government, Personnel & Administrative Reforms Department to consider and pass orders on the representation read above in accordance with law within a period of two months from the date of receipt of a copy of the order.

3. Govt. have examined the mater in detail. As per 12(d) in Part-Time Contingent Service Special Rules, the probationers, approved probationers or Full members who are transferred from the jurisdiction of one appointing authority to another on request should forgo

their seniority and take rank in the list of Probationers, approved Probationers or full members as the case may be, in the Administrative Unit to which they are transferred as it stands on the date on which they join there. Hence it is clear that once probation is declared in a Part-Time post, probation need not be declared again in another unit in the same category.

4. In the circumstances it is clarified that Part-Time contingent employees who have completed probation in an administrative unit when transferred to another administrative unit need not complete the probation again in the new administrative unit. In the case of Part-Time employees who have not completed probation in administrative unit when transferred to another administrative unit, their probation has to be declared in new administrative unit counting their period of probation in the previous unit.

5. Since there exist an ambiguity in the matter as per the order read as second paper above Government are pleased to amend the order as follows:

In the abstract and in clause 3 of the above order after the words Last Grade Servants the words "and Part -Time Contingent Employees" shall be added.

The above order stands modified to that extent only.

6. The Order of the Hon'ble Kerala Administrative Tribunal read as fourth paper above is thus complied with.

(By order of the Governor)

**DR ASHA THOMAS I A S**
**ADDITIONAL CHIEF SECRETARY**

To

The Registrar, Kerala Administrative Tribunal, Thiruvananthapuram (with C.L.).
The Advocate General, Kerala, Ernakulam/Thiruvananthapuram (with C.L.).
Sri. Suresh. T.P, Hospital Attendant Grade II, Thathakulangara, Uthuva, Pattanakkad (PO), Cherthala.
The Director, Health Services, Thiruvananthapuram.
The Accountant General (A&E/Audit), Kerala, Thiruvananthapuram.
The Stock file/Office copy.

Forwarded/By order,

Section Officer.

**PERSONNEL AND ADMINISTRATIVE REFORMS (RULES) DEPARTMENT**

**CIRCULAR MEMORANDUM**

**No.10813/Rules-2/89/P&ARD. Dated, Trivandrum, 25th October, 1989.**

Sub:— Public Services — Granting of Compensatory Off/Weekly Off — Clarification issued.

Ref:— 1. G.O.(Ms.) No. 276/82/GAD. dated 14-9-1982.

2. Circular No. 21060/Rules-2/87/P&ARD. dated 27-5-1989.

According to the instructions issued in the G.O. first referred to above, Night Watchers were allowed "Compensatory Off" for attending duty on Sundays, even by posting substitutes in Offices where there is only one Peon and one Night Watcher. Similarly in the Circular Second referred to above, it was also ordered that all Part-time Contingent Employees who are not allowed to enjoy holidays shall be allowed one day's weekly off.

There has been requests from various quarters as to whether compensatory off can be granted to an employee for the duty attended to by him on holidays other than Sundays. It is the policy of Government to extend the benefit of "Compensatory Off" to all Sections of employees including Part-time Contingent employees. A "Compensatory Off" is the one granted to an employee for the duty attended to by him on holidays other than Sundays. Whereas a "Weekly Off" is the one enjoyed by an employee on every week in lieu of the duty attended to by him on Sundays. The Compensatory Off thus accumulated can be availed subject to the following conditions as per the existing rules:—

1. The Maximum number of "Compensatory Off" that can be availed by a Government Servant in a calendar year will be 15 days vide G.O.(P) 300/89/Fin. dated 19-6-1989.

2. The time limit for availing the "Off" will be 3 months from the public holidays on which the concerned officer attended office duty.

3. The maximum "Off" that can be accumulated will be 10 days.

V. GOPALAKRISHNAN NAIR,
Additional Secretary.

By Registered post

# കേരള സർക്കാർ

നം.ഫണ്ട്സ്.ബി1/3/2020-ധന (E 1434558)

ധനകാര്യ (ഫണ്ട്സ് -ബി) വകുപ്പ്,
തിരുവനന്തപുരം
തീയതി: 01.02.2020

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

ശ്രീ. സോണി ഗോപാൽ ആർ. സി.,
കമലാലയം,
ചെമ്മാമ്പ് പി.ഒ., ഓച്ചിറ്റുള്ള,
കൊല്ലം.

സർ,

വിഷയം : പാർട്ട് ടൈം ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ സംബന്ധിച്ച് വിവരാവകാശനിയമം - മറുപടി

സൂചന : താങ്കളുടെ 25.10.2019-ലെ വിവരാവകാശ അപേക്ഷ.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് താഴെ പറയും പ്രകാരം അറിയിക്കുന്നു;

'25.03.2005-ലെ സ.ഉ.(പി) നം.145/2005/ധന നമ്പർ ഉത്തരവിലെ ചട്ടം 7 (3), (4) എന്നിവയിലാണ് പാർട്ട് ടൈം ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനെക്കുറിച്ച് വിശദീകരിച്ചിട്ടുള്ളത്. ചട്ടം 7 (3) പ്രകാരം ഈ ജീവനക്കാർക്ക് ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ 1/22 എന്ന നിരക്കിൽ ഒരു വർഷത്തിൽ പരമാവധി 15 ഒഴിവുകളിൽ നിയമനത്തിനായി പരിഗണിക്കുന്നതാണ്. ഈ ഉത്തരവിലെ ചട്ടം 34 പ്രകാരം എല്ലാ വിഭാഗം ജീവനക്കാർക്കും ഒരു സമ്പൂർണ്ണ വർഷത്തിൽ സർവീസ് ചെയ്യുന്ന ജീവനക്കാരുടെ സർവ്വീസ് 20-ൽ നിന്ന് 30 വരെ ശതമാനത്തിൽ സ്ഥിരപ്പെടുത്തി പാർട്ട് ടൈം ജീവനക്കാർക്ക്, അവർ ഫുൾടൈം കണ്ടിജന്റ് തസ്തികയിൽ പരമാവധി 30 ശതമാനത്തിൽ ഒരു സമ്പൂർണ്ണ വർഷം പൂർത്തിയാക്കുന്നതാണ്.'

വിശ്വസ്തതയോടെ,

ശോഭ ആർ.,
ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)
ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് വേണ്ടി

അംഗീകൃത ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

**അനുബന്ധം - 2**

## കേരള തദ്ദേശ സ്വയംഭരണ വകുപ്പ് Auxiliary Warden Rules, 2024 – മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് കണ്ടിജന്റ് ജീവനക്കാരുടെ സംഘടനകൾ നൽകിയ നിർദ്ദേശങ്ങളും അവയിൽ സ്വീകരിച്ച നടപടികളും

താഴെ പറയുന്ന സംഘടനകളിൽ നിന്നും സർക്കാരിന് ലഭിച്ച നിർദ്ദേശങ്ങൾ വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് കൈമാറിയിരുന്നു.

1. കേരള ലോക്കൽ സെൽഫ് ഗവൺമെന്റ് സ്റ്റാഫ് അസ്സോസിയേഷൻ (കെ.എൽ.ജി.എസ്.എ)
2. കേരള ലോക്കൽ സെൽഫ് ഗവൺമെന്റ് എംപ്ലോയീസ് ഓർഗനൈസേഷൻ
3. കേരള മുനിസിപ്പൽ ആന്റ് കോർപ്പറേഷൻ വർക്കേഴ്സ് കോൺഗ്രസ് (കെ.എം.സി. ഡബ്ല്യൂ.സി.) - ഐ.എൻ.ടി.യു.സി.
4. കേരള മുനിസിപ്പൽ കോർപ്പറേഷൻ വർക്കേഴ്സ് ഫെഡറേഷൻ
5. കേരള എൻ.ജി.ഒ. ഫ്രണ്ട്
6. കേരള സ്റ്റേറ്റ് മുനിസിപ്പൽ കോർപ്പറേഷൻ വർക്കേഴ്സ് ഫെഡറേഷൻ - എ.ഐ.ടി.യു.സി.
7. ഒരു കൂട്ടം കണ്ടിജന്റ് ജീവനക്കാർ
8. കേരള പഞ്ചായത്ത് ഇലവൺ പോയിന്റ് പ്രോഗ്രാം എംപ്ലോയീസ് അലയൻസ്

ലഭിച്ച നിർദ്ദേശങ്ങളുടെയും അവയിൽ സ്വീകരിച്ച നടപടികളുടെയും ഒരു സംഗ്രഹം ചുവടെ കൊടുത്തിരിക്കുന്നു.

### 1. കേരള ലോക്കൽ സെൽഫ് ഗവൺമെന്റ് സ്റ്റാഫ് അസ്സോസിയേഷൻ (കെ എൽ ജി എസ് എ)

| | നിർദ്ദേശങ്ങൾ | സ്വീകരിച്ച നടപടികൾ |
|---|---|---|
| 1 | കണ്ടിജന്റ് ജീവനക്കാരെ ഏകീകൃത പൊതു സർവീസിന്റെ ഭാഗമാക്കുക | സർക്കാർ തലത്തിൽ തീരുമാനിക്കേണ്ടതാണ്. കരട് വിശേഷാൽ ചട്ടങ്ങൾ കണ്ടിജന്റ് ജീവനക്കാരുടെ എകീകൃത സർവീസിന് ഉതകുന്ന തരത്തിലാണ് തയ്യാറാക്കിയിരിക്കുന്നത്. |
| 2 | നിയമനാധികാരിയായി പ്രിൻസിപ്പൽ ഡയറക്ടറേയും ജോയിന്റ് ഡയറക്ടറേയും നിയമിക്കുക | പ്രിൻസിപ്പൽ ഡയറക്ടറെ നിയമന അധികാരിയായി നിർദ്ദേശിച്ചിരിക്കുന്നു പ്രായോഗികമായി നിയമനം നടത്താൻ സ്ഥാപനങ്ങളിൽ ഉചിതനായ അധികാരിയെയും ചുമതലപ്പെടുത്താൻ നിർദ്ദേശിച്ചിരിക്കുന്നു. |

| | | |
|---|---|---|
| 3 | ശമ്പളം തദ്ദേശസ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നത് ഒഴിവാക്കി ട്രഷറി വഴി സർക്കാർ നേരിട്ട് നൽകണം | സർക്കാർ തലത്തിൽ തീരുമാനിക്കേണ്ടത്. വിശേഷാൽ ചട്ടങ്ങളിൽ ഉൾപ്പെടുത്താനാവില്ല. |
| 4 | ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് പൊതുമാനദണ്ഡം നിശ്ചയിക്കുക | വകുപ്പ് തലത്തിൽ തീരുമാനിക്കേണ്ടത് |
| 5 | സബോർഡിനേറ്റ് സർവീസിലേക്ക് പ്രമോഷൻ അനുവദിക്കുക | ഇതു സംബന്ധമായ വ്യവസ്ഥ സബോർഡിനേറ്റ് സർവീസ് റൂൾസിൽ ഉൾപ്പെടുത്തേണ്ടതാണ് |
| 6 | സബോർഡിനേറ്റ് സർവീസ് റൂൾസിൽ ഉൾപ്പെട്ട - ലൈബ്രേറിയൻ പോലെ ഉയർന്ന യോഗ്യതയുള്ള തസ്തികകൾക്ക് നൽകിയിരിക്കുന്നത് പുനർനാമകരണം ചെയ്യുക | സബോർഡിനേറ്റ് സർവീസ് റൂൾസിൽ ഉൾപ്പെട്ട തസ്തികകളിൽ സബോർഡിനേറ്റ് സർവീസസ് റൂൾസ് പ്രകാരമാണ് നിയമനം നടത്തുന്നത്. സർക്കാർ തീരുമാനം ആവശ്യ മാണ്. |
| 7 | സ്കാവഞ്ചർ തസ്തിക ഒഴിവാക്കുക. | ഒഴിവാക്കിയിട്ടുണ്ട്, ശുചിമുറി പരിപാലകർ എന്ന് പ്രയോഗിച്ചിരിക്കുന്നു. |

## 2. കേരള ലോക്കൽ സെൽഫ് ഗവൺമെന്റ് എംപ്ലോയീസ് ഓർഗനൈസേഷൻ

| | നിർദ്ദേശങ്ങൾ | സ്വീകരിച്ച നടപടികൾ |
|---|---|---|
| 1 | നിലവിൽ മൂന്ന് തരത്തിൽ നിയമനം ലഭിച്ചവരാണ്. അതാത് തദ്ദേശ സ്ഥാപനങ്ങൾ ആണ് നിയമനം നടത്തുന്നത്. അതിനാൽ സർക്കാർ ജീവനക്കാർ അല്ല.<br><br>ആക്ട് ഭേദഗതി ചെയ്യണം. സർക്കാർ ജീവനക്കാർ ആക്കണം.<br><br>നിലവിലുള്ള സർവീസ് റൂൾസിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണം. | കരട് ചട്ടങ്ങൾ ഒരു ഏകീകൃത ചട്ടങ്ങളായാണ് രൂപപ്പെടുത്തിയിരിക്കുന്നത്. പ്രിൻസിപ്പൽ ഡയറക്ടറെയാണ് നിയമനാധികാരിയായി നിർദ്ദേശിച്ചിരിക്കുന്നത്. അദ്ദേഹം ഉചിതനായ അധികാരികൾക്ക് നിയമനാധികാരം വിന്യസിച്ചു നൽകും. ഈ അധികാരികൾ ബന്ധപ്പെട്ട കൗൺസിലുകളുടെ അംഗീകാരത്തോടെ നിയമനം നടത്തണം എന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. നിയമ ഭേദഗതി സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനിക്കേണ്ടതാണ്. നിലവിൽ ബാധകമായ എല്ലാ ചട്ടങ്ങളും ഉത്തരവുകളും അതി ലംഘിച്ചുകൊണ്ട് (In Supersession) പുതിയ ചട്ടം വിജ്ഞാപനം ചെയ്യാനാണ് നിർദ്ദേശിച്ചിരിക്കുന്നത് |
| 2 | മറ്റ് ഓഫീസുകളിലെ കണ്ടിജന്റ് ജീവനക്കാർക്ക് 1975 ചട്ടം ബാധകമാക്കിയിരിക്കുന്നതിനാൽ പൊതുചട്ടം രൂപീകരിക്കുന്നതിന് തടസ്സമാണ്. | തടസ്സം ആ ചട്ടം അതി ലംഘിക്കുന്നത് വഴി ഒഴിവാക്കാവുന്നതാണ്. |

| | | |
|---|---|---|
| 3 | നിലവിലെ നിയമപ്രകാരം ജോയിന്റ് ഡയറക്ടറെ നിയമനാധികാരിയായി നിശ്ചയിച്ച ചട്ടം രൂപീകരിക്കാൻ ആവില്ല. | നിലവിലെ നിയമങ്ങൾ അതി ലംഘിച്ചുകൊണ്ട് പുതിയ ചട്ടം വിജ്ഞാപനം ചെയ്യാനാണ് നിർദ്ദേശിച്ചിരിക്കുന്നത് |
| 4 | കോടതി വിധി പ്രകാരം (WP(c) 8141/2024) കണ്ടിജന്റ് ജീവനക്കാർക്ക് കേരള പബ്ലിക് സർവീസ് ആക്ട് ബാധകമല്ല. | ഇതിന്റെ നിയമപരമായ സാധുത നിയമ വകുപ്പിന്റെ സ്ക്രൂട്ടണി വേളയിൽ പരിശോധിക്കേണ്ടതാണ്. |
| 5 | തദ്ദേശ സ്ഥാപന അധ്യക്ഷന്മാരുടെ സംഘടനകളുമായി ചർച്ച ചെയ്യണം. | വകുപ്പ് തലത്തിൽ തീരുമാനിക്കേണ്ടത്. |

**മറ്റു നിർദ്ദേശങ്ങൾ**

| | **<u>നിർദ്ദേശങ്ങൾ</u>** | **<u>സ്വീകരിച്ച നടപടികൾ</u>** |
|---|---|---|
| 1 | ചട്ടം രൂപീകരിക്കുമ്പോൾ - പേര് - കേരള ലോക്കൽ സെൽഫ് ഗവൺമെന്റ് കണ്ടിജന്റ് എംപ്ലോയീസ് ചട്ടങ്ങൾ 2025 -എന്നാവണം. | കേരള തദ്ദേശ സ്വയംഭരണ വകുപ്പ് കണ്ടിജന്റ് സർവീസ് വിശേഷാൽ ചട്ടങ്ങൾ 2026 - എന്നാണ് നാമകരണം ചെയ്തിരിക്കുന്നത്. |
| 2 | ഘടന - 3 വിഭാഗങ്ങൾ | മൂന്ന് കേഡറുകൾ നിർദ്ദിഷ്ട കരട് വിശേഷാൽ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. |
| 3 | നിയമനാധികാരി - തദ്ദേശ സ്ഥാപനങ്ങളിൽ അവിടുത്തെ അധികാരികളും മറ്റ് സ്ഥാപനങ്ങളിൽ ജോയിന്റ് ഡയറക്ടറും ആവണം. | പ്രിൻസിപ്പൽ ഡയറക്ടറെയാണ് നിയമനാധികാരിയായി നിർദ്ദേശിച്ചിരിക്കുന്നത്. അദ്ദേഹം അധികാരം തദ്ദേശ സ്ഥാപനങ്ങളിലെയും വകുപ്പിലെയും ഉചിതനായ അധികാരിക്ക് വിന്യസിച്ചു നൽകണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. |
| 4 | പാർട്ട് ടൈം തസ്തികകൾ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും സൃഷ്ടിക്കണം. | വകുപ്പ് തലത്തിൽ തീരുമാനിക്കേണ്ടത്. |
| 5 | കേഡർ സ്ട്രെങ്ത് കണ്ടെത്തി ചട്ടങ്ങളിൽ ചേർക്കണം. | വകുപ്പ് തലത്തിൽ തീരുമാനിക്കേണ്ടത്. |
| 6 | സ്വീപ്പിങ് ഏരിയ നിജപ്പെടുത്തി തസ്തിക നിർണയിക്കണം. | വകുപ്പ് തലത്തിൽ തീരുമാനിക്കേണ്ടത്. |
| 7 | വർക്ക് സൂപ്പർവൈസർ തസ്തിക റൂളിംഗിൽ നിർദ്ദേശിക്കണം. | വകുപ്പ് തലത്തിൽ തീരുമാനിക്കേണ്ടത്. |
| 8 | പതിനൊന്നിന പരിപാടിയുടെ ഭാഗമായി നിയമിക്കപ്പെട്ടവരെ ചട്ടങ്ങളിൽ ഉൾപ്പെടുത്തണം. | റെഗുലർ അടിസ്ഥാനത്തിൽ നിയമാനുസരണം നിയമിക്കപ്പെട്ട എല്ലാവരെയും കരട് ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| 9 | നിലവിലെ ചട്ടങ്ങളിൽ ഭേദഗതി വരുത്തി മുഴുവൻ കണ്ടിജന്റ് ജീവനക്കാരെയും ഉൾപ്പെടുത്തണം | പുതിയ ചട്ടം വിജ്ഞാപനം ചെയ്യുമ്പോൾ നിലവിൽ ഉണ്ടായിരുന്ന ചട്ടങ്ങൾ അതിലംഘിക്കപ്പെടുന്നതാണ് |
| 10 | അന്തർ ജില്ലാ സ്ഥലംമാറ്റം സീനിയോറിട്ടി നഷ്ടപ്പെടാതെ നടത്തണം | സർക്കാർ നയം അനുസരിച്ചേ നിർദ്ദേശിക്കാനാവൂ. |
| 11 | നിലവിൽ ഫുൾടൈം തസ്തിക ഇല്ലാത്തവയ്ക്ക് ഫുൾടൈം തസ്തികകൾ സൃഷ്ടിക്കണം | സർക്കാർ നയം അനുസരിച്ചേ നിർദ്ദേശിക്കാനാവൂ. ഫുൾടൈം തസ്തികകൾ സൃഷ്ടിക്കപ്പെട്ടാൽ അവയുടെ നിയമന രീതിയും യോഗ്യതകളും നിർദ്ദിഷ്ട ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നാൽ തസ്തിക സൃഷ്ടിക്കപ്പെട്ട ശേഷമേ അവ ബാധകമാവൂ. |
| 12 | സർവീസ് ആനുകൂല്യങ്ങൾ സർക്കാർ ജീവനക്കാർക്ക് സമാനമാക്കണം. | സർക്കാർ സർവീസിലെ കണ്ടിജന്റ് സർവീസിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ലഭ്യമായ എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട് |
| 13 | ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് 10% തസ്തിക നീക്കിവെച്ചത് 25% ആയി ഉയർത്തണം | സർക്കാർ തലത്തിൽ തീരുമാനിക്കേണ്ടത് |
| 14 | ഗ്രാമ പഞ്ചായത്ത് തലത്തിൽ സാനിറ്റേഷൻ വർക്കർ തസ്തിക സൃഷ്ടിക്കണം. | സർക്കാർ തലത്തിൽ തീരുമാനിക്കേണ്ടത് |

**3. കേരള മുൻസിപ്പൽ ആൻഡ് കോർപ്പറേഷൻ വർക്കേഴ്സ് കോൺഗ്രസ് (കെഎംസിഡബ്ല്യൂസി) – ഐഎൻടിയുസി**

| | നിർദ്ദേശങ്ങൾ | സ്വീകരിച്ച നടപടികൾ |
|---|---|---|
| 1 | ചില തസ്തികൾ ഉൾപ്പെടുത്തുക | കരട് ചട്ടങ്ങളിൽ തസ്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട് |
| 2 | പകരം തൊഴിലാളി, ദിവസ വേതന തൊഴിലാളി എന്നിവരെ ഉൾപ്പെടുത്തുക | വിശേഷാൽ ചട്ടങ്ങൾ സ്ഥിരാടിസ്ഥാനത്തിൽ നിയമിതരായവർക്കായുള്ളതാണ്. |
| 3 | പൂർണ്ണകാല പ്രയോഗം ഒഴിവാക്കുക | അത് പ്രായോഗികമല്ല. |
| 4 | നിയമനാധികാരി ഭരണസമിതി എന്നാക്കണം | പ്രിൻസിപ്പൽ ഡയറക്ടറെ നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ അപ്പോയിന്റിംഗ് അതോറിറ്റികൾ നിയമനം നടത്തുന്നതിന് കൗൺസിലുകളുടെ അംഗീകാരം തേടണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| 5 | അധികാര കേന്ദ്രീകരണം നടക്കുന്നു | ---- |

| | | |
|---|---|---|
| 6 | പ്രൊബേഷൻ ഒഴിവാക്കണം | കെഎസ് ആൻഡ് എസ് എസ് ആർ അനുസരിച്ച് എല്ലാ ജീവനക്കാർക്കും പ്രൊബേഷൻ ബാധകമാവണം. |
| 7 | പ്രമോഷൻ ഗ്രേഡിന്റെ കാര്യം കൂട്ടിച്ചേർക്കണം | ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായാണ് സമയ ബന്ധിത ഗ്രേഡ് അനുവദിച്ചിട്ടുള്ളത് വിശേഷാൽ ചട്ടങ്ങളിൽ സർക്കാർ അത് ഉൾപ്പെടുത്തിയിട്ടില്ല. |
| 8 | വിരമിക്കൽ പ്രായം 70 വയസ്സ് ആക്കണം | സർക്കാർ തലത്തിൽ തീരുമാനിക്കണം |

**4. കേരള മുനിസിപ്പൽ കോർപ്പറേഷൻ വർക്കേഴ്സ് ഫെഡറേഷൻ**

| | <u>നിർദ്ദേശങ്ങൾ</u> | <u>സ്വീകരിച്ച നടപടികൾ</u> |
|---|---|---|
| 1 | ആക്സിലറി വാർഡൻ എന്ന തസ്തികയുടെ പേര് പുനഃപരിശോധിക്കണം | ആ പേര് ഉപയോഗിച്ചിട്ടില്ല. |
| 2 | കാറ്റഗറൈസേഷൻ മാറ്റണം. സ്കാവഞ്ചർ തസ്തിക നിരോധിക്കപ്പെട്ടതാണ് | പരാമർശിക്കുന്ന കാറ്റഗറൈസേഷൻ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ടതാണ് 'സ്കാവഞ്ചർ' പദം ഉപയോഗിച്ചിട്ടില്ല. |
| 3 | അപ്പോയിന്റിംഗ് അതോറിറ്റികൾ കൗൺസിലുകൾ ആണ്. | വിശേഷാൽ ചട്ടങ്ങളിൽ ഇത് അതേപടി സാധ്യമല്ല. എന്നാൽ അപ്പോയിന്റിംഗ് അതോറിറ്റികൾ നിയമനം നടത്തുന്നതിന് കൗൺസിലുകളുടെ അംഗീകാരം തേടണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| 4 | നിയമന രീതിയിൽ അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിരിക്കണം | കരട് വിശേഷാൽ ചട്ടങ്ങൾ അപ്രകാരമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. |
| 5.a | സ്ഥലംമാറ്റം ഇന്നത്തെ അവസ്ഥ തുടരേണ്ടതാണ് | വലിയ മാറ്റം ഒന്നും വരുത്തിയിട്ടില്ല. |
| b. | സാനിറ്റേഷൻ വർക്കർമാർക്ക് പ്രൊബേഷൻ വേണ്ടതില്ല | കെഎസ് ആൻഡ് എസ് എസ് ആർ അനുസരിച്ച് എല്ലാ ജീവനക്കാർക്കും പ്രൊബേഷൻ ബാധകമാവണം. സർവ്വീസിന്റെ നന്മയ്ക്ക് അത് ഒഴിവാക്കാനാവില്ല. |

| | | |
|---|---|---|
| 6 | ഒഴിവില്ലാത്തതിന്റെ പേരിൽ പ്രൊബേഷൻ സസ്പെൻഡ് ചെയ്യണമെന്ന് പറയുന്നത് വ്യക്തമാക്കണം | താൽക്കാലിക തസ്തികളിലും ഒഫിഷ്യേറ്റിംഗ് തസ്തികകളിലും നിയമിക്കപ്പെടുന്ന വേളയിൽ ചില അവസരങ്ങളിൽ തസ്തികകൾ അവധി കഴിഞ്ഞോ മറ്റു വിധ ത്തിലോ തിരിച്ചു വരുന്ന സീനിയർ ആയവരെ നിയമിക്കപ്പെടുന്നത് മൂലം ഒഴിവുകൾ ഇല്ലാതാവാം. അപ്പോൾ ജൂനിയർ ആയവരെ, പ്രൊബഷണർമാരെ വിശേഷിച്ചും റിട്രഞ്ചു ചെയ്യും. ഒഴിവു വരുമ്പോൾ തിരികെ പ്രവേശിപ്പിക്കും. |
| 7 | കരടിൽ ഉൾപ്പെടുത്താത്ത തസ്തികൾ ചൂണ്ടിക്കാട്ടിയിരിക്കുന്നു | അവ ഇപ്പോഴത്തെ കരടിൽ ഉൾപ്പെടുത്തിയിരിക്കുന്നു. |
| 8 | സൂപ്പറാന്വേഷൻ - 65 വയസ്സായി ഉയർത്തണം | സർക്കാർ തലത്തിൽ നയപരമായ തീരുമാനം വേണ്ടതുണ്ട്. |
| 9 | വിരമിക്കൽ - 60 വയസ്സിലും 70 വയസ്സിലും എന്ന് പറഞ്ഞിരിക്കുന്നത് പിശകാണ്. | സർക്കാർ സർവീസിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് ഫുൾടൈം കണ്ടിജന്റ് ജീവനക്കാർ 60 വയസ്സിലും പാർട്ട് ടൈം കണ്ടി ജന്റ് ജീവനക്കാർ 70 വയസ്സിലും വിരമിക്കണം എന്നാണ്. |
| | വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ഉയർന്ന തസ്തികളിൽ 10% സംവരണം ഉറപ്പാക്കണം. | ഇതിന് സബോർഡിനേറ്റ് സർവീസ് റൂൾസിൽ ആണ് വ്യവസ്ഥ ഉൾപ്പെടുത്തേണ്ടത്. |
| | 10: 1 എന്ന അനുപാദത്തിൽ പ്രമോഷൻ തസ്തിക അനുവദിക്കണം | അങ്ങനെ ഒരു മാനദണ്ഡം സർക്കാർ തലത്തിൽ ഇല്ല. അതിന് നയപരമായ സർക്കാർ തീരുമാനം വേണ്ടതുണ്ട്. |
| | ശമ്പള സ്കെയിലുകൾ, ആനുകൂല്യങ്ങൾ, റിട്ടയർ ചെയ്യാനുള്ള അവകാശം, ജോലിസമയം എന്നിവ റൂളിൽ പ്രത്യേകം പരാമർശിക്കണം. | ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ അതാത് സമയത്ത് ശമ്പളം കമ്മീഷൻ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സർക്കാർ തീരുമാനിക്കുന്നതാണ്. അവ മുൻകൂട്ടി വിശേ ഷാൽ ചട്ടങ്ങളിൽ ഉൾപ്പെടുത്താനാവില്ല. |

**5. കേരള എൻജിഒ ഫ്രണ്ട്**

| | നിർദ്ദേശങ്ങൾ | സ്വീകരിച്ച നടപടികൾ |
|---|---|---|
| 1 | കരട് ചട്ടം മലയാളത്തിൽ തയ്യാറാക്കണം | മലയാളത്തിലാണ് തയ്യാറാക്കിയത്. |
| 2 | തസ്തികകൾക്ക് മൂന്ന് ഗ്രൂപ്പ് നിർദേശിക്കുന്നു | ജോലി സ്വഭാവമനുസരിച്ച് കരട് വിശേഷാൽ ചട്ടങ്ങളിൽ മൂന്ന് കേഡറുകൾ നിർദ്ദേശിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| 3 | താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തണം | വകുപ്പ് തലത്തിൽ സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. |
| 4 | അപ്പോയിന്റിംഗ് അതോറിറ്റി തിരുത്തൽ വരുത്തണം | ഉചിതനായ അധികാരിക്ക് പ്രിൻസിപ്പൽ ഡയറക്ടറുടെ അധികാരം വിന്യസിച്ചു നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. |
| 5 | ക്വാളിഫിക്കേഷൻ പുനർനിർണയം | സർക്കാർ തലത്തിൽ എല്ലാ കണ്ടിജന്റ് തസ്തികകൾക്കും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത ഏഴാം ക്ലാസ് എന്നാണ് നിശ്ചയിച്ചിരിക്കുന്നത്. അത് തദ്ദേശ വകുപ്പിൽ മാത്രമായി കുറവ് വരുത്താൻ ആവില്ല. |
| 6 | ട്രാൻസ്ഫർ ഓൺ റിക്വസ്റ്റ് പെർമനന്റ് മെമ്പേഴ്സ് എന്നത് ഫുൾ മെംബേർസ് എന്ന് തിരുത്തണം | ഫുൾ മെംബേർസ് എന്നാണ് ഇപ്പോഴത്തെ കരടിൽ പ്രയോഗിച്ചിരിക്കുന്നത് |
| 7 | കെസിഎസ് (സിസി ആൻഡ് എ) റൂൾസ്, കണ്ടക്ട് റൂൾസ് ബാധകമാക്കണം | അവയിലെ വ്യവസ്ഥകൾ പ്രകാരം സംഗതികൾ തീരുമാനിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് |
| 8 | ജോയിനിംഗ് ടൈമിനും ട്രാവലിംഗ് അലവൻസിനും അർഹതയുണ്ട്, ടൈം ബൗണ്ട് ഗ്രേഡിന്റെ കാര്യവും കൂട്ടിച്ചേർക്കണം | ജോയിനിംഗ് ടൈം/ ലീവുകൾ / ട്രാവലിംഗ് അലവൻസ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായാണ് സമയബന്ധിത ഗ്രേഡ് അനുവദിച്ചിട്ടുള്ളത് വിശേഷാൽ ചട്ടങ്ങളിൽ സർക്കാർ അത് ഉൾപ്പെടുത്തിയിട്ടില്ല. ടൈംബൗണ്ട് ഗ്രേഡിന്റെ കാര്യം സർക്കാർ തീരുമാനത്തിനു ശേഷമേ ഉൾപ്പെടുത്താൻ കഴിയൂ. |

### 6. കേരള സ്റ്റേറ്റ് മുനിസിപ്പൽ കോർപ്പറേഷൻ വർക്കേഴ്സ് ഫെഡറേഷൻ (എഐടിയുസി)

| | നിർദ്ദേശങ്ങൾ | സ്വീകരിച്ച നടപടികൾ |
|---|---|---|
| 1 | ആക്സിലറി വാർഡൻ റൂൾസ് 2024 എന്ന ശീർഷകത്തോട് യോജിക്കുന്നില്ല | ഇപ്പോഴത്തെ കരട് ചട്ടങ്ങളിൽ അങ്ങനെ പ്രയോഗിക്കുന്നില്ല |
| 2 | കാറ്റഗറി മൂന്നിൽ നിന്നും മറ്റ് തസ്തികകൾ ഒഴിവാക്കണം | പുതിയ കാറ്റഗറൈസേഷനാണ് |
| 3 | നിയമന അധികാരി ജില്ലാതല ഉദ്യോഗസ്ഥൻ എന്നതു മാറ്റണം. | പ്രിൻസിപ്പൽ ഡയറക്ടറെ ആണ് നിയമന അധികാരിയായി നിർദ്ദേശിച്ചിട്ടുള്ളത് |

| | | |
|---|---|---|
| 4 | നിയമന രീതി - നിലവിലുള്ള ആനുകൂല്യങ്ങൾ നിലനിർത്തണം. പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഉൾപ്പെടുത്തണം. | നിലനിർത്തിയിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങൾക്ക് ബന്ധപ്പെട്ട എക്സ്ചേഞ്ചിൽ നിന്നും പാനൽ തേടാവുന്നതാണ്. |
| 5 | സംവരണം | കെ എസ് & എസ് എസ് ആർ - ലെ വ്യവസ്ഥകൾ അതേ പോലെ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 6 | പ്രായം 18 - 50 വയസ്സ് | സർക്കാർ നിശ്ചയിക്കുന്ന പ്രകാരമേ കഴിയൂ |
| 7 | വിദ്യാഭ്യാസ യോഗ്യത ഏഴാം ക്ലാസ്. മാക്സിമം യോഗ്യത നിജപ്പെടുത്തേണ്ട. | മിനിമം യോഗ്യത ഏഴാം ക്ലാസ് ആണ്. എന്നാൽ ബിരുദ ബിരുദാനന്തരക്കാരെ ഒഴിവാക്കിയിരിക്കുന്നു. സർക്കാർ നയം പാലിക്കണം. |
| 8 | ട്രാൻസ്ഫർ - ജീവനക്കാരുടെ അപേക്ഷ അനുസരിച്ചാവണം. | അപ്രകാരം തന്നെ. എന്നാൽ പൊതുജന താൽപര്യാർത്ഥം സ്ഥലം മാറ്റം വേണ്ടി വന്നേക്കാം. അതു കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 9 | പ്രൊബേഷൻ | നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ട് |
| 10 | നിലവിലുള്ള നിയമം ബാധകമാക്കുക | സേവിങ് ക്ലാസ് ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 11 | പ്രവേശന തീയതി മുതൽ ശമ്പളവും ജോലിസമയവും തുല്യമാക്കുക | വ്യത്യാസപ്പെടുത്തിയിട്ടില്ല |
| 12 | സീനിയോറിറ്റി - നിലവിലുള്ള നിയമം ബാധകമാക്കുക. | വ്യത്യാസം പറഞ്ഞിട്ടില്ല |
| 13 | ശമ്പളം അലവൻസ് സംബന്ധിച്ച് സർക്കാർ നിശ്ചയിക്കുന്ന രീതി തുടരുക. | തുടരാൻ നിർദ്ദേശിച്ചിട്ടുണ്ട് |
| 14 | സബ്സിസ്റ്റൻസ് അലവൻസ് | സർക്കാരിലേതു പോലെ നിർദ്ദേശിച്ചിരിക്കുന്നു. |
| 15 | പ്രമോഷൻ | അർഹമായ പ്രമോഷൻ നിർദ്ദേശിച്ചിരിക്കുന്നു. |
| 16 | സൂപ്പറാന്വേഷൻ പ്രായം 70 ആക്കുക. | സർക്കാർ തീരുമാനം ഉണ്ടാകണം. |
| 17 | കൂടുതൽ തൊഴിലാളികളെ നിയമിക്കുക. | വിശേഷാൽ ചട്ടങ്ങളിൽ ഉൾപ്പെടുത്തേണ്ടതില്ല. |
| 18 | സ്പെഷ്യൽ റൂൾ സമ്പ്രദായം അപ്രായോഗികം. ഉപേക്ഷിക്കുക. | ---- |

**7. ഒരു കൂട്ടം കണ്ടിജന്റ് ജീവനക്കാർ**

| | നിർദ്ദേശങ്ങൾ | സ്വീകരിച്ച നടപടികൾ |
|---|---|---|
| 1 | കണ്ടിജന്റ് ജീവനക്കാരുടെ നിയമന രീതി പി എസ് സി/ സർക്കാർ ഏജൻസി വഴി നടത്തണം | തദ്ദേശ സ്വയംഭരണ വകുപ്പ് കണ്ടിജന്റ് സർവീസിലേക്കുള്ള നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് നടത്തുന്നത്. അത് KS & SSR പ്രകാരം നിയമാനുസരണം ഉള്ള നിയമന രീതിയാണ്. ഈ രീതി മാറ്റണമെങ്കിൽ സർക്കാർ തലത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. |

| | | |
|---|---|---|
| 2. | ജീവനക്കാരുടെ നിയമന അധികാരം പ്രിൻസിപ്പൽ ഡയറക്ടർ/ ജോയിന്റ് ഡയറക്ടർക്ക് നൽകണം | കരട് വിശേഷാൽ ചട്ടങ്ങളിൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ കണ്ടിജന്റ് തസ്തികകളുടെ നിയമനാധികാരിയായി പ്രിൻസിപ്പൽ ഡയറക്ടറെ യാണ് നിർദേശിച്ചിരിക്കുന്നത്.<br><br>എന്നാൽ, സബോർഡിനേറ്റ് സർവീസ് റൂൾസിൽ ഉൾപ്പെടുത്തിയിരിക്കുന്നതു പോലെ അധികാരം ഉചിതരായ ഉദ്യോഗസ്ഥർക്ക് വിന്യസിച്ചു നൽകുന്നതാണ് പ്രായോഗികമായി നല്ലത്.<br><br>നിയമനാധികാരിയാണ് അച്ചടക്ക അധികാരി. കണ്ടിജന്റ് ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ പ്രിൻസിപ്പൽ ഡയറക്ടറെ നിർദ്ദേശിക്കുന്നത് പ്രായോഗികമല്ല. പഞ്ചായത്തീരാജ് നിയമത്തിൽ ഭരണസമിതികൾ ആണ് നിയമനം നടത്തേണ്ടത്. അതിനാൽ അതാത് സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണമേധാവിക്ക് നിയമനാധികാരം വിന്യസിച്ചു നൽകുന്നതാണ് ഉചിതം. |
| 3 | കണ്ടിജന്റ് ജീവനക്കാരിൽ SSLC, +2, ബിരുദം, പി ജി യോഗ്യതയുള്ളവരെ പ്യൂൺ, അറ്റൻഡർ, ക്ലാർക്ക് / അസിസ്റ്റന്റ് തസ്തികളിലേക്ക് പ്രമോഷൻ ട്രാൻസ്ഫർ നൽകണം | നിലവിലുള്ള നിയമപ്രകാരം ഏകീകൃത സർവീസ് ചട്ടങ്ങൾ നിലവിൽ വരുമ്പോൾ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ക്ലാസ്സ് IV തസ്തികകളിലേക്ക് ബൈട്രാൻസ്ഫർ നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.<br><br>എന്നാൽ ക്ലാസ് III തസ്തികകളിലേക്ക് സ്ഥാനക്കയറ്റം ലഭിക്കാൻ സബോർഡിനേറ്റ് സർവീസ് റൂൾസിൽ വ്യവസ്ഥ വേണം. നിലവിൽ അങ്ങനെയൊരു വ്യവസ്ഥ ഉള്ളതായി കാണുന്നില്ല.<br><br>അത് ഭേദഗതി ചെയ്താലേ നിർദ്ദേശം നടപ്പിലാവൂ. തദ്ദേശ സ്വയംഭരണ വകുപ്പിലെ കണ്ടിജന്റ് ജീവനക്കാരുടെ വിശേഷാൽ ചട്ടങ്ങളിൽ അങ്ങനെ ഒരു നിർദ്ദേശം ഉൾപ്പെടുത്താൻ കഴിയില്ല. |
| 4 | കണ്ടിജന്റ് ജീവനക്കാർക്ക് നഗരസഭ മുനിസിപ്പാലിറ്റി പഞ്ചായത്തുകളിൽ സ്ഥാന കയറ്റത്തോടെ ട്രാൻസ്ഫർ ലഭ്യമാക്കണം | ട്രാൻസ്ഫർ വ്യവസ്ഥകൾ കരട് റൂൾസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 5 | കണ്ടിജന്റ് ജീവനക്കാരുടെ മിനിമം യോഗ്യത എസ്എസ്എൽസി ആയി നിശ്ചയിക്കണം<br><br>പ്രായപരിധി 18 മുതൽ 50 വരെ എന്നാക്കണം | രണ്ടു നിർദ്ദേശങ്ങൾക്കും സർക്കാർതലത്തിൽ നയപരമായ തീരുമാനം വേണ്ടതുണ്ട്. |

| | | |
|---|---|---|
| 6 | കണ്ടിജന്റ് ജീവനക്കാരുടെ സീനിയോറിറ്റി, സ്ഥാനക്കയറ്റം, പ്രമോഷൻ, ട്രാൻസ്ഫർ എല്ലാം ജോയിന്റ് ഡയറക്ടർ/ അഡീഷണൽ ഡയറക്ടർ നിയന്ത്രണത്തിൽ ആക്കണം. | പ്രിൻസിപ്പൽ ഡയറക്ടർക്ക് ഉചിതമായ വിധം അധികാരം വിന്യസിക്കാനുള്ള നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 7 | നിയമനത്തിൽ സംവരണ തത്വം പാലിക്കണം | കെ എസ് ആൻഡ് എസ് എസ് ആർ -ൽ വ്യവസ്ഥ ചെയ്തിട്ടുള്ള സംവരണ തത്വം പാലിക്കണമെന്ന് വിശേഷാൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| 8 | കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ പ്രായം 65 വയസ്സായി ഉയർത്തണം. | സർക്കാർ തലത്തിൽ നയപരമായ തീരുമാനം വേണ്ടതുണ്ട് |
| 9 | കണ്ടിജന്റ് ജീവനക്കാർക്ക് സർക്കാർ നൽകുന്ന അവധി ആനുകൂല്യങ്ങൾ അനുവദിക്കണം | വിശേഷാൽ ചട്ടങ്ങളിൽ അപ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| 10 | സീനിയോറിറ്റി ലിസ്റ്റ് വകുപ്പ് പ്രസിദ്ധീകരിക്കണം | വിശേഷാൽ ചട്ടങ്ങളിൽ ഉൾപ്പെടുത്താൻ കഴിയില്ല. |
| 11 | അച്ചടക്ക നടപടികൾ പ്രിൻസിപ്പൽ ഡയറക്ടറിൽ നിക്ഷിപ്തമാക്കണം | വിശേഷാൽ ചട്ടങ്ങൾ പ്രകാരം നിയമന അധികാരി എന്ന നിലയിൽ നിക്ഷിപ്തമാണ്. എന്നാൽ പ്രായോഗികമായി ഉചിതമായ അധികാരിക്ക് അധികാരം വിന്യസിച്ചു നൽകാൻ നിർദ്ദേശിച്ചിരിക്കുന്നു. |
| 12 | ആശ്രിത നിയമനം അനുവദിക്കണം | വിശേഷാൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| 13 | ട്രാൻസ്ഫർ ഓൺലൈൻ ആക്കണം | വകുപ്പ് തീരുമാനിക്കേണ്ടത്. |

**8. കേരള പഞ്ചായത്ത് ഇലവൺ പോയിന്റ് പ്രോഗ്രാം എംപ്ലോയീസ് അലയൻസ്**

| | നിർദ്ദേശങ്ങൾ | സ്വീകരിച്ച നടപടികൾ |
|---|---|---|
| 1 | സ്പെഷ്യൽ റൂളിൽ ലൈബ്രേറിയൻ, ടീച്ചർ, തസ്തികകൾ സ്കിൽഡ് ലേബർ ആണെങ്കിലും ഒന്നും രണ്ടും കാറ്റഗറിയിൽ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. | ഫുൾ ടൈം, പാർട്ട് ടൈം ലൈബ്രേറിയൻ, ഫുൾ ടൈം, പാർട്ട് ടൈം ടീച്ചർ എന്നീ തസ്തികകൾ നൈപുണ്യ തൊഴിലാളി (Skilled worker) കേഡറിലാണ് നിർദ്ദേശിച്ചിരിക്കുന്നത്. |